
# പഞ്ചാംഗം

എപ്പകത്തി ൩൦. ഞായറാഴ്ച അക്ഷരം ൯

൧൯൧൨

## ൧൯൦൭ സെപ്തംബർ – ൧൦൮൩ ചിങ്ങം, – കന്നി.

1 16 തി അ. എജീദിയോസ്. ന. ആ. കു. വെ. വെ.
2 17 ചൊ * രാ: മെ. എസ്സുപ്പാനോസ് ന. ആ. കു. വെ. വെ.
3 18 ബു * വേ. ഫിദെലീസ് (ഏ. 21) ന. ആ. കു. വെ. ചു.
4 19 വ്യാ ഏവൻ. മർക്കോസ് ന. ആ. കു. വെ. ചു.
5 20 വെ * അ. മെ. ലെയൊന്തിയോസ് ന. ആ. കു. വെ. വെ.
6 21 ശ പാ. വേ. ക്ലേത്തോ. മർസലിനൊ. (ഏ. 26) ന. ആ. കു. വെ. ചു.
7 22 ഞാ ✠. പന്ത. 13–ാം ഞാ. .൨൨.൭.൨ ന. കു. ആ. പ.
☞ നാളെ കടം.
8 23 തി ✠ ☺ എ. ഭാ. ക. മ. പിറവി ന. കു. വെ. വെ.
9 24 ചൊ വി. മോനിക്കാ (മേയ് 4) ന. ആ. കു. വെ. വെ.
10 25 ബു മെ. നിക്കൊലാവോസ് തൊലെ ന. ആ. കു. വെ. വെ.
11 26 വ്യാ * വേ. ബനാന്തിസ് (മേയ് 18) ന. ആ. കു. വെ. ചു.
12 27 വെ * എ. ഭാ. ക. മ. പിറവി. എം. ന. ആ. കു. വെ. വെ.
13 28 ശ * ക. മ. പിറവി എം. ന. ആ. കു. വെ. വെ.
14 29 ഞാ ✠ പന്ത. 14–ാം ഞാ.
കുരി. പുകഴ്ച .൧൨൭൨.൨.൨ ന. കു. വെ, ചു.
☞ അടുത്ത ബുധൻ ഇ. വി,
* എ. ഭാ. ക. മ. തിരുനാമം ന. ആ. കു. വെ. വെ.
15 30 തി എ. ഭാ. ക. മ. പിറവി എട്ടാം ന. ആ. കു. വെ. വെ.
16 31 ചൊ വേ. കൊർന്നെലിയൂസ്സും കുപ്രിയാനോസ്സും ന. ആ. കു. വെ. ചു.
17 1 ബു * മെ. പ്രാൻസീ. അസീ. 5 മുറിവു. പട്ടം (ഇ. വി.) ന. ആ. കു. വെ. വെ.
18 2 വ്യാ * മെ. യൌസേപ്പ് കുപ്പേർ. ന. ആ. കു. വെ. വെ.
19 3 വെ അ. വേ. യാനുവാരിയൂസ്സും ക്രു. ന. ആ. കു. വെ. ചു.
ചതുഷ്കാലം പട്ടം ന. ആ. കു. ആ. റോ.
20 4 ശ ശ്ലീ. മത്തായിതലേ. ന. ആ. കു. തലേ. . റോ.
ചതുഷ്കാലം പട്ടം ന. ആ. കു. ആ. റോ.
21 5 ഞാ ✠ പന്ത. 15–ാം ഞാ, .൧൨.൨.൨ ന. കു. ആ. പ.
☞ അടുത്തവെള്ളി കൊന്ത. മാതാ. നൊവേനതുടങ്ങും.
* എ. ഭാ. ക. മ. 7 വ്യാകുലം ന. ആ. കു. വെ. വെ.
22 6 തി വേ. മൌരീന്ന്യൂസ്സും ക്രു. ന. ആ. കു. വെ. ചു.
* അ. മെ. തോമ്മാ ന. ആ. കു. വെ. വെ.
23 7 ചൊ ◉ പാ. വേ. ലീനോസ് ന. ആ. കു. വെ. ചു.
24 8 ബു * മനോഗുണമാതാവു ന. ആ. കു. വെ. വെ.
25 9 വ്യാ (†) ശ്ലീ മത്തായി (ഈ 21) ന. ആ. കു. വെ. ചു.
26 10 വെ വേ. കുപ്രിയാനോസ്സും യുസ്തീനോസ്സും ന. ആ. കു. വെ. ചു.
27 11 ശ വേ. കുസുമോസ്സും ദമിയാനോസ്സും ന. ആ. കു. വെ. ചു.
28 12 ഞാ ✠ പന്ത. 16–ാം ഞാ. .൨൨.൨.൨ ന. കു. ആ. പ.
☞ അടുത്തതു ആദ്യവെള്ളി.
29 13 തി മിഖാ. മാലാഖാ പള്ളിക്കൂദാ. ന. ആ. കു. വെ. വെ.
30 14 ചൊ മെ. മ. ഈറാനീമ്മോസ്. ന. ആ. കു. വെ. വെ.




പരിശുദ്ധ ദേവാമാതാവേ! സ്ലീവാമേൽ തറയ്ക്കപ്പെട്ട ഈശോ മ്ശിഹായുടെ തിരുമുറിവുകളെ എന്റെ ഹൃദയത്തിൽ പതിച്ചുറപ്പിക്കണമെ.

# കർമ്മലകുസുമം.

പുസ്തകം (൨൮)  ൧൯൩൫ സെപ്റ്റംബർ.  (ലക്കം ൯.

# വ്യാകുലമാതാ കീർത്തനം.

(ക. നി. മൂ. സ. മാണിക്കത്തനാർ)

('സ്നേഹത്തിൻെറ കുന്തത്തിനാൽ' എന്നമട്ട്)

1. പൂജ്യനാംശെമോൻെറ വാക്കാൽ
ഹൃത്തടം രണ്ടായ് പിളന്നോരംബികെ! പാപത്തിന്മേൽ, താപംനല്കണെ.
2. പുത്രരക്ഷസ്സായെജിപ്തിൽ
ചിത്തതാപത്തോടു പോയോരംബികെ! പാപ...
3. ദ്വാദശപ്രായത്തിലീശോ
പോയ്മറഞ്ഞിട്ടാധി പൂണ്ടോരംബികെ! പാപ...
4. വൻകുരിശു വഹിച്ചീടും
നിന്മകനെ പ്പഥികണ്ടോരംബികെ! പാപ...
5. പുത്രമൃത്യു കണ്ടു ചിത്തം
പൊട്ടുമാറുള്ളത്തൽ പെട്ടോരംബികെ! പാപ...
6. പ്രാണഹീനനാം മകനെ
നിന്മടിയിൽ വച്ചുകേണോരംബികെ! പാപ...
7. പുത്രഗാത്രം കല്ലറയിൽ
വെച്ചുവെ സന്തപ്തയായോരംബികെ! പാപ...
8. വ്യാകുലതാപം കൊണ്ടു രക്ത-
സാക്ഷികൾക്കു രാജ്ഞിയായോരംബികെ പാപ...

# പ്രസാധകക്കുറിപ്പുകൾ.

## വ്യാകുലമാതാവിനോടുള്ള ഭക്തി.

സെപ്റ്റംബർമാസം പരിശുദ്ധ നിശ്ചയിച്ചിരിക്കുന്ന മാസമാണു. വ്യാകു കന്യകമറിയത്തിൻെറ വ്യാകുലതകളു ലമാതാവിൻെറ സ്തുതിക്കായി തിരുസഭ ടെ അനുദിന സ്മരണസ്സായി തിരുസഭ രണ്ടു തിരുനാളുകൾ പ്രതിവഷം അ

ഘോഷിക്കുന്നുണ്ട്. ഇതിൽ ഒന്നു അമ്പതു നോമ്പിലെ ആറാം വെള്ളിയാഴ്ചയും മററതു സെപ്റ്റംബർ മാസത്തിലെ മൂന്നാം ഞായറാഴ്ചയുമാണു. സെപ്റ്റംബറിലെ തിരുനാളിനോടു സംബന്ധിച്ചു തന്നെയാണു വ്യാകുലമാതാവിന്റെ വണക്കമാസവും നിശ്ചയിച്ചിരിക്കുന്നതു. മേയ്മാസത്തിൽ പരിശുദ്ധ ദൈവമാതാവിന്റെ വണക്കമാസം എല്ലാവരും സാഘോഷം കൊണ്ടാടിവരുന്നുണ്ട്. സെപ്റ്റംബർ മാസ ഭക്തി അത്ര പ്രചാരത്തിലായിട്ടില്ല. പരി. വ്യാകുലമാതാവിനോടുള്ള ഭക്തി കേരളത്തിൽ അത്ര പുതുതല്ല. അതിരാവിലെ എഴുന്നീററു 'വ്യാകുലജപം' ചൊല്ലുക എന്നതു കത്തോലിക്കാ കുടുംബങ്ങളിലുള്ള ഭക്തകൃത്യങ്ങളിൽ ഒന്നാണു. വ്യാകുലമാതാവിനോടുള്ള ജപങ്ങൾ ചെയ്യുന്നതോടെ മാതാവിന്റെ വ്യാകുലതകളെക്കുറിച്ചുള്ള ധ്യാനങ്ങളും കൂടിച്ചെയ്തു ഈ മാസം ഭക്തിപൂർവ്വം കഴിക്കുന്നതു വളരെ പ്രയോജനകരമായിരിക്കും.

---

## പ്രാർത്ഥനാനിയോഗങ്ങൾ.

കഴിഞ്ഞ ലക്കത്തിൽ പ്രസ്താവിച്ചിരുന്നതുപോലെ മാന്യവരിക്കാരിൽ ചിലരെല്ലാം ഇവിടെ അയച്ചുതന്നിട്ടുള്ളതും ഈ ലക്കത്തിന്റെ അവസാനത്തിൽ ചേർത്തിട്ടുള്ളതുമായ നിയോഗങ്ങൾ സാധിക്കുന്നതിനായി അടുത്ത ശനിയാഴ്ച (സെപ്റ്റംബർ ൬-ാംനു-) ഇവിടെ കർമ്മലനാഥയുടെ പീഠത്തിൽ ഒരു കുർബ്ബാന സമർപ്പിക്കുന്നതാണു. ഞങ്ങളുടെ മാന്യവായനക്കാരും അവരുടെ ജപങ്ങളിൽ ഈ നിയോഗ സാദ്ധ്യത്തിനായി പ്രാർത്ഥിക്കണമെന്നും ബ. പട്ടക്കാർ തങ്ങളുടെ കുർബാനയിൽ രണ്ടാം നിയോഗം സദയം ഈ കാര്യസാദ്ധ്യത്തിനായി വെച്ചു അപേക്ഷിപ്പാറാകണമെന്നും അഭ്യർത്ഥിച്ചുകൊള്ളുന്നു.

ഈ വിധമുള്ള കൂട്ടമായ പ്രാർത്ഥനവഴിയായി നാം അഗ്രഹിക്കുന്ന കാര്യങ്ങൾ എളുപ്പത്തിൽ സാധിക്കാൻ കഴിയുന്നതിനാൽ തങ്ങളുടെ ആവശ്യങ്ങൾ ഇവിടെ എഴുതി അറിയിക്കണമെന്നും ഇങ്ങിനെ കുസുമത്തിൽ ചേർത്തിരിക്കുന്ന നിയോഗ സാദ്ധ്യത്തിനു വേണ്ടി പ്രത്യേകം പ്രാർത്ഥിക്കണമെന്നും ഞങ്ങളുടെ മാന്യവായനക്കാരെ ഒരിക്കൽകൂടി ഉൽബോധിപ്പിച്ചുകൊള്ളട്ടെ. ഇവിടെ ഓരോരുത്തർ അയച്ചുതരുന്ന നിയോഗങ്ങൾ അടുത്ത ലക്കത്തിൽതന്നെ ഞങ്ങൾ ചേർക്കുന്നതാണ്. അതിനാൽ, ആരുടെയെങ്കിലും നിയോഗം ഈവിധം പ്രസിദ്ധീകരിച്ചു കാണാതെവന്നാൽ, അതിന്നടുത്ത ലക്കം പുറപ്പെടുന്നതിനു ഒരാഴ്ചയ്ക്കുമുമ്പെങ്കിലും ഇവിടെ വിവരം എഴുതിയറിയിക്കേണ്ടതാണെന്നുകൂടെ ഓർമ്മിപ്പിച്ചുകൊള്ളുന്നു.

---

## പരേതനായ ഡിസൂസാ മെത്രാൻ.

മംഗലാപുരം രൂപതയുടെ ഒന്നാമത്തെ നാട്ടുമെത്രാനായ മോൺസിഞ്ഞോർ വലേരിയൻ ഡിസൂസാ തിരുമേനി ഐർലണ്ടിലെ വാട്ടർഫോർഡിൽവച്ചു ഇക്കഴിഞ്ഞ ആഗസ്റ്റ് ൧൭-ാംനു- കാലം ചെയ്തിരിക്കുന്നതായറിഞ്ഞു വ്യസനിക്കുന്നു. മാർപ്പാപ്പാ തിരുമേനിയെ സന്ദർശിക്കുന്നതിനായി ഇദ്ദേഹം യൂറോപ്പിലേക്കു പുറപ്പെട്ടതു് കഴിഞ്ഞ ഏപ്രിൽമാസത്തിലാണ്. റോമിൽനിന്നു തിരിച്ച് ഐർലണ്ടിൽ സ്വസഹോദരി താമസിക്കുന്ന വാട്ടർഫോർഡിൽ എത്തി താമസിക്കയിലാണ് ഈ അത്യാഹിതം സംഭവിച്ചതു്. കേവലം ചെറുപ്രായത്തിൽ സംഭവിച്ച ഈ നിര്യാണം മംഗലാപുരം രൂപതയ്ക്കു് അപരിഹാര്യമായ ഒരു നഷ്ടമാണ് എന്നതിനു സംശയമില്ല. ൧൮൭൨-ൽ ജാതനായ ഈ വന്ദ്യദേഹത്തിനു മരിക്കുമ്പോൾ ൫൮ വയസ്സു മാത്രമെ പ്രായമുണ്ടായിരുന്നുള്ളു. ഡിസൂസാ മെത്രാന്റെ നിത്യശാന്തിക്കായി 'കുസുമ' വായനക്കാർ എവരും പ്രാർത്ഥിപ്പാറാകണം.

R. I. P.

## പരിശുദ്ധ ദേവമാതാവിന്റെ

# പിറവിത്തിരുനാൾ.

(ഫാദർ ഹില്ലാര്യോൻ സി. ഡി.)

അമലോത്ഭവയും, കന്യാസ്ത്രീയും, നന്മനിറഞ്ഞവളും, ദൈവജനനിയുമായ പരിശുദ്ധ മറിയത്തിന്റെ നാമത്തിൽ, കത്തോലിക്കാ സഭ അനേകം തിരുനാളുകൾ പ്രതിവത്സരം ആഘോഷിക്കുന്നുണ്ടെങ്കിലും സെപ്റ്റംബർ എട്ടാം തീയതി കൊണ്ടാടുന്ന തിരുനാൾ സർവ്വ പ്രധാനമായ ഒന്നാണ്. വിശുദ്ധന്മാരുടെ മരണദിവസം പ്രതിവത്സരം ഒരു തിരുനാളായി ആഘോഷിക്കുന്ന പതിവ് തിരുസഭയിൽ സാധാരണമാണ്. എന്നാൽ സെപ്റ്റംബർ 8-ാംനു- ആഘോഷിക്കപ്പെടുന്ന തിരുനാൾ ഒരു മരണത്തിരുനാളല്ല, പിന്നെയോ ഒരു പിറവിത്തിരുനാളാണ്. ഈദൃശമായ ഒരു തിരുനാൾ ജന്മപാപ രഹിതരായി ജനിച്ച മൂന്നു പേൎക്കുമാത്രമേ തിരുസ്സഭയിൽ ഘോഷിക്കുന്നുള്ളു. ഈ തിരുനാളുകളിൽ ഒന്നു പരിശുദ്ധത തന്നെയായ മിശിഹായുടെ പിറവിയും, വേറൊന്ന് മാതാവിന്റെ ഉദരത്തിൽ വച്ചുതന്നെ ജന്മപാപ രഹിതനായിത്തീൎന്ന മിശിഹായുടെ മുന്നോടിയായ വി. സ്നാപകയോഹന്നാന്റെ പിറവിയും, മൂന്നാമത്തേതു സെപ്റ്റംബർ 8-ാംനു-യിലെ അമലോത്ഭവിയായ പരിശുദ്ധ കന്യകമറിയത്തിന്റെ പിറവിയുമാകുന്നു. ഇതിൽ നിന്നും ഇത്തിരുനാൾ അർഹിക്കുന്ന പ്രാധാന്യം എവ്വിധമെന്നു നമുക്കു മനസ്സിലാക്കാം.

പരിശുദ്ധ കന്യകയുടെ ജനനത്തിങ്കൽ സ്വൎഗ്ഗവാസികളായ ദൈവദൂതന്മാർ അതിശയഭരിതരായി, "ഉഷസ്സിൽ ഉദിച്ചുവരുന്ന നക്ഷത്രംപോലെയും, ചന്ദ്രനെപ്പോലെ അഴകും സൂൎയ്യനെപ്പോലെ പ്രകാശവുമുള്ളവളായും, അണിനിരന്നിരിക്കുന്ന പട്ടാളത്തെപ്പോലെ ഭയപ്പെടത്തക്കവളായും കയറിവരുന്നയിവൾ ആരാകുന്നു." (പാട്ടുകളുടെ പാട്ട്.) എന്നു പറഞ്ഞു പാടിയിരുന്നുവെന്നു നമുക്കു ന്യായമായി വിചാരിക്കാം. കൂടാതെയും, "സൂൎയ്യനെ വസ്ത്രമായിധരിച്ചിരിക്കുന്നവളും, ചന്ദ്രനെ കാലടിയിൽ വെച്ചിരിക്കുന്നവളും, പന്ത്രണ്ടു നക്ഷത്രങ്ങൾ ഉള്ള ഒരു മുടി തലയിൽ ധരിച്ചിരിക്കുന്നവളുമായ ഒരു സ്ത്രീ" എന്ന് വെളിപാടുപുസ്തകം 12-ാം അദ്ധ്യായത്തിന്റെ ആരംഭത്തിൽ പറഞ്ഞിരിക്കുന്നതും പരിശുദ്ധ മറിയത്തിന് യോജിക്കുന്നതാണ്. ഈ വാക്യങ്ങളാകട്ടെ കന്യാസ്ത്രീ മറിയത്തിന്റെ സ്വാഭാവികവും സ്വാഭാവാതീതവുമായ വരങ്ങളെയും സുകൃതങ്ങളെയും കാണിക്കുന്നു. മാലാഖമാരുടെയും പുണ്യവാന്മാരുടെയും മഹിമയെയും സുകൃതങ്ങളെയും ജയിക്കത്തക്ക വരപ്രസാദങ്ങൾ ദൈവജനനിക്കുണ്ടായിരുന്നുവെന്നതു നിർവ്വിവാദമാണ്.

കത്തോലിക്കാ വിശ്വാസികൾ കന്യക മറിയത്തിന്റെനേൎക്കു കാണിക്കുന്ന ബഹുമാനവും വണക്കവും, "റോമൻ കത്തോലിക്കരുടെ മൌഢ്യങ്ങളാണെന്നു" ഇടത്തൂട്ടുകാർ ഘോഷിക്കുന്നുണ്ടു്. ഇടത്തൂട്ടിന്റെ നായകൻ പിശാചാകുന്നു. പിശാചിന്റെ തലയെ തകൎത്തവളായ പരിശുദ്ധ മറിയത്തോടുള്ള അവന്റെ ദ്വേഷം വലുതാകുന്നു. ഈ മാതാവ് വഴി അനേകംപേർ രക്ഷപെടുന്നതു് അവന് സഹിക്കാൻ പാടില്ല. അവന് നേരിട്ടു ചെയ്യാൻ പാടില്ലാതെവരുമ്പോൾ പണ്ടൊരിക്കൽ സൎപ്പത്തിൽ പ്രവേശിച്ച് ഹാവായെ തട്ടിച്ചതുപോലെ, ഇടത്തൂട്ടുകാരുടെ നാവുകളിലും എഴുത്തുപേനാകളിലും ആവസിച്ച് വിശ്വാസികളെ

തട്ടിക്കുന്ന ഒരു നവീന സമ്പ്രദായമാണ് ഈ കാലത്തിൽ പിശാച് പ്രയോഗിക്കുന്നത്. ദൈവം മനുഷ്യന് സ്വാതന്ത്ര്യം ദാനമായി കൊടുത്തിരിക്കുന്നതിനാൽ, പിശാചിന്ന് നേരിട്ടുചെയ്യാൻപാടില്ലാത്ത അനേകം അക്രമങ്ങൾ അവൻ തന്റെ ഈ ദൂതന്മാർവഴിയായി ചെയ്തുകൊണ്ടു ദൈവത്തെയും അങ്ങേ പരിശുദ്ധന്മാരെയും ദൂഷിക്കയും, ഉപദ്രവിക്കയും ചെയ്യുന്നു. നരകസർപ്പമാകുന്ന സാത്താന്റെ ഈ വിധ ദുർബോധനകളെ കേൾക്കുന്നവന് നിർഭാഗ്യം.

ലോകൈശ്വര്യങ്ങൾ ക്ഷണഭംഗുരങ്ങളാണ്. ആളുകളുടെ സ്ഥിതിയും അഭിപ്രായവും പെട്ടെന്നു മാറിപ്പോകും. എല്ലാവരും ഒരുകാലത്തു നമ്മെ ഉപേക്ഷിക്കും. ജീവിതത്തിന്റെ അവസാനത്തിങ്കൽ നാം ഓരോരുത്തരും തനിച്ചാകും. നിസ്സഹായന്മാരായിത്തീരും. പരലോക ജീവിതത്തിന്റെ സുഖദുഃഖാദികളെക്കുറിച്ച് ഗാഢമായി ചിന്തിക്കേണ്ടി വരും. നാനാ ഭാഗത്തു നിന്നും ശത്രുക്കൾ ആക്രമണം നടത്തും. ദുഷ്ടപ്പിശാചിന്റെ ഇപ്പോഴത്തെ മാധുര്യവാക്കുകൾ ഒക്കെയും ആ കാലത്തു വളരെ കട്ടപ്പമുള്ളതും മൂർച്ചയുള്ളതും നിരാശ വരുത്തുന്നതുമായി പരിണമിക്കും. ഇങ്ങനെയുള്ള വിഷമഘട്ടത്തിൽ, നരകസർപ്പത്തിന്റെ തലയെ തകർത്തവളും നീതിസൂര്യനായ മിശിഹായുടെ വരവിനെ അറിയിച്ചുകൊണ്ടു് ഉദയനക്ഷത്രമായി ഉദിച്ചവളുമായ പരിശുദ്ധ മറിയത്തിനോടുള്ള ഭക്തിയുടെ ഗുണം സീമാതീതമായിരിക്കും. നമ്മുടെ കർത്താവിനും അങ്ങേ പരിശുദ്ധ മാതാവിനുമുള്ള ആഗ്രഹം മനുഷ്യരക്ഷയാണെന്ന് നാം ധരിക്കണം. ഏതുതരത്തിലുള്ള പാപിയായാലും തക്ക മനസ്താപത്തോടെ അവൻ പാപികളുടെ സങ്കേതമായ ഈ പരിശുദ്ധ കന്യകയെ വിളിച്ചാൽ, അവളുടെ സഹായം നിശ്ചയമായും അവനുണ്ടാകും. ഹാ! ഇതു നമുക്ക് എത്ര ആശ്വാസജനകമാണ്. അതിനാൽ നമ്മുടെ ജീവിതകാലത്തിൽ ഈ പരിശുദ്ധ അമ്മയുടെ ഭക്തന്മാരായിജീവിക്കുന്നതിന് സർവ്വാത്മനാ നാം പരിശ്രമിക്കണമെന്നു പറയേണ്ടതില്ലല്ലൊ.

# സുവിശേഷ വിവരണം.

## പന്തക്കുസ്താ: 13-ാം ഞായർ. (സെപ്റ്റംബർ ൭.)

സുവിശേഷം:— "പിന്നെ ഉണ്ടായതു് എന്തെന്നാൽ, അങ്ങുന്നു യറുശലേമിലേക്കു പോകയിൽ സമ്മരിയായുടെയും ഗലിലേയായുടേയും നടുവിൽക്കൂടി പോയിരുന്നു. എന്നാറെ ഒരു ഗ്രാമത്തിലേക്കു പ്രവേശിക്കയിൽ കുഷ്ഠരോഗികളായ പത്തു മനുഷ്യർ അങ്ങേയ്ക്കു് എതിരെ വന്നു. അവർ ദൂരത്തിൽ നിന്നുകൊണ്ടു്: കർത്താവായ ഈശോയെ! ഞങ്ങളോടു കരുണയുണ്ടാകണമെ, എന്നു സ്വരം ഉയർത്തി പറഞ്ഞു. അങ്ങുന്ന് അവരെ കണ്ടു ഉടനെ 'നിങ്ങൾ പോയി ആചാര്യന്മാർക്കു നിങ്ങളെ കാണിപ്പിൻ' എന്ന് അരുളിച്ചെയ്തു. അപ്പോൾ ഉണ്ടായതു് എന്തെന്നാൽ അവർ പോകയിൽ സ്വസ്ഥതപ്പെട്ടു. എന്നാൽ അവരിൽ ഒരുത്തൻ താൻ സ്വസ്ഥനായി എന്നു കണ്ടു്, ഉടനെ വലിയ സ്വരത്തിൽ ദൈവത്തെ സ്തുതിച്ചുകൊണ്ടു തിരിച്ചുവന്ന്, അങ്ങേ പാദത്തിങ്കൽ സാഷ്ടാംഗമായി വീണു സ്തോത്രം ചെയ്തു. ഇവനോ സമറായക്കാരനായിരുന്നു. എന്നാറെ ഈശോ ഉത്തരമായി അരുളിച്ചെയ്തതായതു്: പത്തുപേർ അല്ലയൊ സ്വസ്ഥതപ്പെട്ടതു്. എന്നാൽ ഒമ്പതുപേർ എവിടെയാകുന്നു? ഈ അന്യജാതിക്കാരൻ അല്ലാതെ മ

ററാരും തിരിച്ചുവന്നു ദൈവത്തിനു സ്തുതി ചെയ്യാനായി കാണപ്പെട്ടിട്ടില്ലാ. പിന്നെ അങ്ങുന്ന് അവനോട് നീ എഴുന്നേററു പൊയ്ക്കൊൾക, നിൻെറ വിശ്വാസം നിന്നെ സൌഖ്യമാക്കി എന്ന് അരുളിച്ചെയ്തു.'' (വി. ലൂക്കാ, XVII. 11- 19.)



വിവരണം:- 1. ഈ കുഷ്ഠരോഗികൾ ആരുടെ സാദൃശ്യമാണു?

കുഷ്ഠരോഗികൾ, വിശുദ്ധ അഗുസ്തീനോസ് പറയുന്നതുപോലെ, പതിതരുടെയും പാപികളുടെയും പ്രത്യേകം 'അശുദ്ധ' പാപങ്ങളിൽ ജീവിക്കുന്നവരുടെയും സാദൃശ്യമാണ്. കുഷ്ഠരോഗി മനുഷ്യരുടെ ദൃഷ്ടിക്ക വിരൂപനായിരിക്കുന്നതുപോലെ പാപിയും ദൈവതൃക്കണ്ണുകൾക്ക വിരൂപനായിരിക്കുന്നു. കുഷ്ഠരോഗം എളുപ്പത്തിൽ പടന്നു പിടിക്കുന്ന ഭയങ്കരമായ ഒരു സാംക്രമികരോഗമാകയാൽ കുഷ്ഠരോഗികളെ ഏവരും വർജ്ജിക്കുന്നു. ഇപ്രകാരംതന്നെ നിത്യനാശത്തിൽ വീഴരുതെന്ന് ആഗ്രഹിക്കുന്ന ഏവരും അശുദ്ധതയെന്ന ആത്മീയ സാംക്രമികരോഗം പിടിപെട്ടിരിക്കുന്ന പാപികളിൽനിന്ന് ഓടിയകലുകയും അവരുമായുള്ള സംസർഗ്ഗം മുഴുവനായി പരിത്യജിക്കയും വേണം.

2. കുഷ്ഠരോഗികൾ എങ്ങിനെ സുഖം പ്രാപിച്ചു?

അവർ ദൂരത്തിൽ നിന്നുകൊണ്ടു് ഉച്ചത്തിൽ ഈശോ കർത്താവേ! ഞങ്ങളോടു കരുണയുണ്ടാകണമെ! എന്നു നിലവിളിച്ച് അപേക്ഷിച്ചു. തൽക്ഷണം "നിങ്ങൾ പോയി ആചാര്യന്മാൎക്ക് നിങ്ങളെ കാണിപ്പിൻ.'' എന്ന് മിശിഹാ അവരോട് ആജ്ഞാപിക്കയാണുണ്ടായതു്. തദനുസരണം പ്രവൎത്തിക്കാനുള്ള സന്നദ്ധതയോടെ അവർ പട്ടക്കാരുടെ പക്കലേക്കു പോകുന്ന വഴിമദ്ധ്യേവച്ചുതന്നെ അവർ സ്വസ്ഥരായി. ആത്മീയ കുഷ്ഠരോഗികളായ പാപികളും ഇവരെ അനുകരിച്ചു പ്രവൎത്തിക്കയാണുവേണ്ടതു്. സ്വയം എളിമപ്പെട്ടും സ്വന്ത പാപങ്ങളെപ്പററി അനുതപിച്ചുകൊണ്ടും മിശിഹായോടു പൊറുതി അപേക്ഷിക്കയും, അങ്ങേ ആജ്ഞാനുസരണം പാപങ്ങൾ പട്ടക്കാരനോട് അറിയിച്ച് അദ്ദേഹത്തിൽനിന്നും മോചനം പ്രാപിക്കയും ചെയ്യണം. ഈ ആത്മീയവ്യാധി നീങ്ങി പൂൎണ്ണസുഖം സിദ്ധിക്കുന്നതിനു എളിമയോടുകൂടിയ പ്രാൎത്ഥനയും കൂദാശകളുടെ കൂടക്കൂടെയുള്ള സ്വീകരണവുമത്രെ ഉത്തമമായ മാൎഗ്ഗങ്ങൾ.

പട്ടക്കാരുടെ പക്കൽ ചെന്നെത്തുന്നതിനു മുമ്പു വഴിമദ്ധ്യേ വച്ചുതന്നെ അവരുടെ കുഷ്ഠരോഗം നീങ്ങിയതു, കഴിയുന്നവേഗത്തിൽ കുമ്പസാരിച്ചുകൊള്ളാമെന്നുള്ള സ്ഥിരപ്രതിജ്ഞയോടെ പാപത്തിന്മേൽ ഉത്തമ മനസ്താപപ്പെടുന്ന ക്ഷണത്തിൽതന്നെ പാപത്തിനു മോചനം ലഭിക്കുന്നുവെന്നും പാപമോചനലബ്ധിക്ക് ഏററം ആവശ്യമായ സംഗതി മനസ്താപമാണെന്നും കാണിക്കുന്നു.

3. നന്ദി പ്രദൎശിപ്പിക്കുന്നതിനായി തിരിച്ചുവന്ന സമറായക്കാരനിൽനിന്നും എന്താണു നാം പഠിക്കേണ്ടതു്?

ഒരിക്കൽ ജന്മപാപത്തിൽനിന്നും പലപ്രാവശ്യവും കൎമ്മപാപമെന്ന കുഷ്ഠരോഗത്തിൽനിന്നും മിശിഹായുടെ അളവററ യോഗ്യതകൾമൂലം നമ്മെ രക്ഷിച്ച ദൈവാനുഗ്രഹത്തിനു നാം പ്രത്യേകം നന്ദിയുള്ളവരായിരിക്കണമെന്ന് ഈ സമറായക്കാരൻ നമ്മെ പഠിപ്പിക്കുന്നു.

നമ്മുടെ ഈ കൃതജ്ഞത ഹൃദയത്തിൽ മാത്രം സ്തുതിചെയ്താൽ പോരാ,

പിന്നയോ താൻ സുഖപ്രാപ്തനായെന്നുക ണ്ടയുടനെ ഉച്ചസ്വരത്തിൽ ദൈവത്തെ വാഴ്ത്തിക്കൊണ്ടു തിരികെവന്നു തൻെറ ഉപകാരിയായ മിശിഹായുടെ മുമ്പാകെ സാഷ്ടാംഗംവീണു നന്ദിപറഞ്ഞ ആ സമറായക്കാരനെ അനുകരിച്ചു നാമും നമ്മുടെ സ്രഷ്ടാവും രക്ഷകനുമായ ദൈവത്തെ വചനത്താലും പ്രവൃത്തിയാലും സ്തുതിക്കയും അങ്ങെ മഹത്വത്തെയും സത്യവിശ്വാസത്തെയും എവരോടും യഥാശക്തി വൎണ്ണിച്ചറിയിക്കയും ചെയ്യണം. ദൈവത്തിൽ നിന്നാകട്ടെ മനുഷ്യരിൽ നിന്നാകട്ടെ നമുക്കു ലഭ്യമാകുന്ന നന്മകൾക്കു പ്രതിനന്ദി കാണിക്കുന്നതു്, നവംനവങ്ങളായ നന്മകൾ പ്രാപിക്കുന്നതിനു കൂടെയും ഉപകരിക്കുന്നതാണു്. കിട്ടിയ ഉപകാരത്തിനു നന്ദി പ്രദൎശിപ്പിക്കാത്തതും കൃതഘ്നത കാണിക്കുന്നതും മനുഷ്യരും അത്യന്തം വെറുക്കുന്ന സംഗതികളത്രെ. ഇതു നന്നായി ഗ്രഹിച്ചുകൊണ്ടു് ദൈവത്തോടും മനുഷ്യരോടും സദാ നാം നന്ദിയുള്ളവരായിരിക്കണം.

# വി. കുരിശിൻെറ പുകഴ്ച.

(ഫാദർ എമ്മാനുവേൽ, സി. ഡി.)

ക്രിസ്ത്യാനിയായ ഒരു കുട്ടിയോടു 'നീ ആരാകുന്നു' എന്നു ചോദിച്ചാൽ 'ഞാൻ ക്രിസ്ത്യാനിയാകുന്നു.' എന്നു അവൻ ഉത്തരം പറയും. 'ക്രിസ്ത്യാനിയുടെ അടയാളം എന്താകുന്നു എന്നു വീണ്ടും അവനോടു ചോദിച്ചാൽ 'കുരിശിൻെറ അടയാളം' എന്നായിരിക്കും അവൻെറ മറുപടി. അതെ, ശരിതന്നെ. നാം ഏതെങ്കിലും ഒരു വസ്തുവിനെ പ്രത്യേകിച്ചുകാണിക്കുന്നതിനുകരുതുമ്പോൾ മററുവസ്തുക്കളിൽനിന്നു അതിനെ വേൎതിരിക്കുന്നതും അതിൻെറ സ്വന്തവുമായ വല്ലൊരു അടയാളം കൊണ്ടാണു് അതിനെ ലക്ഷണോക്തി ചെയ്യാറുപതിവു്. അതിനാൽ ക്രിസ്ത്യാനിയുടെ അടയാളം കുരിശിൻെറ അടയാളമാകുന്നുവെന്നു് പറയുന്നതു എത്രയും യുക്തിപൂൎവ്വം തന്നെ.

ലോകാരംഭം മുതൽഅസംഖ്യം മതങ്ങൾലോകത്തിൽ ഉണ്ടായിട്ടുണ്ടെങ്കിലും, കുരിശിനെസ്വീകരിക്കയും,അതിനെബഹുമാനിക്കയും ചെയ്യുന്നു ക്രിസ്ത്യാനിമതം ഒന്നുമാത്രമാണു്. ലൌകികജ്ഞാനംകൊണ്ടും യുദ്ധസാമൎത്ഥ്യംകൊണ്ടും ഭരണനൈപുണ്യംകൊണ്ടും ഒരു കാലത്തു ഭൂഗോളത്തിൻെറ നായികാസ്ഥാനം വഹിച്ചിരുന്ന റോമ്മാക്കാർപോലും കുരിശിനെ ത്യാജ്യമായി കരുതിയിരുന്നു.അതു അവരുടെ ഒരു ശിക്ഷോപകരണം കൂടെയായിരുന്നെന്നുമാത്രമല്ലാ,റോമ്മപൌരാവകാശം സിദ്ധിച്ചിട്ടുള്ള കുററക്കാരെപ്പോലും അതിൽ തൂക്കിക്കൊല്ലുന്നതു അപമാനവും ന്യായവിരോധവുമായി ഗണിക്കത്തക്കവണ്ണം, അതിനെ അത്ര നിന്ദ്യമായും അവർ പരിഗണിച്ചിരുന്നു. ക്രിസ്ത്യാനിമതമാകട്ടെ കുരിശിനെ അതിൻെറ വിശേഷലക്ഷണമായി സ്വീകരിച്ചു. ഇതാ, ഇപ്പോൾ, ലോകത്തിൻെറ ഏതു ഭാഗത്തുനോക്കിയാലും ബ്രഹ്മാണ്ഡങ്ങളായ ദേവാലയങ്ങളുടെയും ഗോപുരങ്ങളുടെയും മുകൾ ഭാഗത്തു ആകാശമണ്ഡലത്തിൽ കുരിശു ഉയൎന്നു നില്ക്കുന്നതു കാണാം. ആരാധനസ്ഥലങ്ങളിൽ മദ്ധ്യസ്ഥാനത്തു പ്രഥമദൃഷ്ടിയിൽ എത്തുപെടുന്നതും കുരിശുതന്നെ. രാജാക്കന്മാരുടെയും ചക്രവൎത്തികളുടെയും കിരീടങ്ങളുടെ ഉപരിഭാഗത്തു് തിളങ്ങി

കൊണ്ടിരിക്കുന്നതും കുരിശാകുന്നു. അനേകർ തങ്ങളുടെ ഒരു അലങ്കാരവും ആഭരണവുമായി ഈ കുരിശിനെ കഴുത്തിൽ ധരിച്ചുകൊണ്ടു നടക്കുന്നതായും നാം കാണുന്നു.



ക്രിസ്ത്യാനിമതം പൂജ്യമായും, അന്യമതങ്ങൾ ത്യാജ്യമായും കരുതുന്നതു ലോഹനിർമ്മിതങ്ങളോ കല്ലും മരവും കൊണ്ടുണ്ടാക്കപ്പെട്ടതൊ ആയ കുരിശിനെ മാത്രമല്ല. കുരിശു, കാലംകൊണ്ടു അവസാനിക്കുന്ന സകല പീഡകളുടെയും ഒരു അടയാളമാകുന്നു. അന്യമതക്കാർ അവമാനമായി കരുതുന്നതിനെ ക്രിസ്ത്യാനികൾ ബഹുമാനമായി സ്വീകരിക്കുന്നു.അവർ ആഗ്രഹിച്ചപേക്ഷിക്കുന്നതിനെ,ഇവർവിസർജ്ജിച്ചു തള്ളുന്നു.അവർ കഷ്ടതകളിൽ നിന്നു ഓടിയകലുന്നെങ്കിൽ, ഇവർ അവയെ അന്വേഷിച്ചുടുക്കുന്നു. അവർ ദേവന്മാരായി വണങ്ങുന്നതിനെ ഇവർ വെട്ടിബലികഴിക്കുന്നു. അവർ ശിരസാ വഹിക്കുന്നതിനെ ഇവർ കാലടിയിൽ മെതിക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ മറവുമതക്കാർ ഏററം കാര്യമായി കരുതുന്നതിനെ, ഇവർ ഏററം നിസ്സാരമായും, അവർ നിസ്സാരമായികരുതുന്നതിനെ ഇവർ കാര്യമായും മതിക്കുന്നു. ലോകത്തിൽ ഉത്ഭവിച്ചതായ മറവുമതങ്ങൾ ലൌകികവസ്തുക്കളെയാഗ്രഹിക്കയും ദൈവതിരുമുമ്പാകെ വിലയേറിയതുകളെ വകവെക്കാതിരിക്കയും ചെയ്യുന്നതുപോലല്ല സ്വർഗ്ഗത്തിൽനിന്നും വന്ന ക്രിസ്ത്യാനിമതം ലോകബഹുമാനങ്ങൾ, സുഖസന്തോഷങ്ങൾ ആദിയായവയെ വകവെയ്ക്കാതെ ദൈവസമക്ഷം വിലയുള്ള കഷ്ടാരിഷ്ടതകളെയും ധർമ്മപുണ്യങ്ങളെയും മാത്രം മതിക്കുന്നു. ദൈവപുത്രനായ മിശിഹാ നമ്മെപ്രതി സകല സങ്കടങ്ങളും അനുഭവിക്കയും ഒടുവിൽ നമുക്കായി കുരിശിൽ—അതെ, അന്നത്തെ ലോകം ഏററം നിന്ദ്യമായ ഒരുപകരണമായി കരുതിയിരുന്ന കുരിശിൽ—മരിക്കയും ചെയ്തതാണ് ഇതിനുള്ള കാരണം.

അതിനാൽ മിശിഹായെ പൂർണ്ണമായി അനുകരിപ്പാൻ മനസ്സാകുന്ന ക്രിസ്ത്യാനികൾ രക്ഷപ്പെടുന്നതിനു തങ്ങൾ സഹിച്ചേ മതിയാവൂ എന്ന സങ്കടങ്ങളെയും, പ്രമാണങ്ങളുടെ അനുസാരത്തിൽ തങ്ങൾക്കു നേരിടുന്ന വിഷമതകളെയും മാത്രമല്ല, മിശിഹായുടെ നേരെയുള്ള സ്നേഹത്തെപ്രതി സ്വമനസ്സാലെയും ക്രൂരതലായ ചില കുരിശുകളെക്കൂടെ വഹിക്കേണ്ടിയിരിക്കുന്നു. എന്തെന്നാൽ 'എന്നെ അനുഗമിപ്പാൻ മനസ്സാകുന്നവൻ തന്നെത്തന്നെ പരിത്യജിച്ചു സ്വന്തകുരിശിനെ എടുത്തുകൊണ്ടു എന്റെ പിന്നാലെ വരട്ടെ' (വി. മത്തായി XVI. 24.) എന്നാകുന്നു ദിവ്യരക്ഷകൻ അരുളിച്ചെയ്യുന്നതു്. ഇതിനാൽ മിശിഹായെ അനുഗമിപ്പാനാഗ്രഹിക്കുന്ന ഏതൊരു യഥാർത്ഥക്രിസ്ത്യാനിയും തന്റെ ദിവ്യഗുരുവിന്റെ ഈ ഉപദേശം അനുസരിച്ചു അവിടുന്നു അത്യധികം സ്നേഹിച്ചാദരിച്ച കുരിശുകളായ ദുഃഖസങ്കടങ്ങളും ഞെരുക്കങ്ങളും ക്ഷമയോടെ സഹിച്ചുകൊണ്ടു മിശിഹായെ അനുഗമിക്കാൻ ഉത്സാഹിക്കേണ്ടതാണ്.

കുരിശുകൾ വഹിക്കയെന്നതു മനുഷ്യന്റെ സ്വഭാവപ്രകൃതിക്ക് വളരെ വിഷമമുള്ളതും ഭാരപ്പെട്ടതുമാണെങ്കിലും, ഒരു യഥാർത്ഥ ക്രിസ്ത്യാനിക്ക് അതു അത്രതന്നെ പ്രയാസമുള്ളതല്ല. എന്തെന്നാൽ ക്രിസ്ത്യാനിയുടെ കുരിശു മിശിഹായുടെ തിരുരക്തത്താൽ അഭിഷേകം ചെയ്യപ്പെട്ട ഒരു കുരിശാണെന്നാണ് പറയേണ്ടതു്. അവന്റെ മാർഗ്ഗദർശിയായി മിശിഹാ തന്റെ കുരിശിനെ എടുത്തുകൊണ്ടു അവന്റെ മുമ്പേ നടക്കുന്നു. അവന്റെ ഭാരത്തെ അവിടത്തെ ദിവ്യസഹായങ്ങൾകൊണ്ടു ലഘൂ

വാക്കുകയും ചെയ്യുന്നു. "എൻെറ നുകം മധുരമുള്ളതും", എൻെറ ചുമടു ലഘുവുമാകുന്നു" (വി.മത്താ: 11.,30). എന്നു അവിടുന്നരുളിച്ചെയ്യുന്നു. അന്യപക്ഷങ്ങളും വിചാരങ്ങളും നാം തള്ളിക്കളയുമെങ്കിൽ നമ്മുടെ കുരിശു ലഘുവായിത്തീരുമെന്നു വി. കുരിശിൻെറ പുകഴ്ച്ചയുടെ തിരുനാളായ കന്നി 14-ാംനു- നടന്ന ഒരു സംഭവം നമ്മെ പഠിപ്പിക്കുന്നു. രാജവസ്ത്രാഡംബരങ്ങളോടുകൂടി തിരുക്കുരിശിനെ എടുത്ത ഹെറാക്ലിയോസ് ചക്രവൎത്തി അതിനെ ചുമന്നുകൊണ്ടുപോകാൻ കഴിയുന്നതു ശ്രമിച്ചിട്ടും അദ്ദേഹത്തിനു സാധിച്ചില്ല. എന്നാൽ കേവലം ഒരു ദരിദ്രൻെറ വേഷത്തിൽ അതിനെ എടുത്തപ്പോൾ അതിനെ ചുമന്നുകൊണ്ടുപോകാൻ അദ്ദേഹത്തിനു യാതൊരു പ്രയാസവുമുണ്ടായില്ല.

ലോകാഡംബരങ്ങളും വിചാരങ്ങളും നമ്മെ ചുററിയിരിക്കുമെങ്കിൽ കുരിശു നമുക്കു ഭാരമായിരിക്കും. സൃഷ്ടികളിൽ ക്രമമല്ലാത്ത യാതൊരു പക്ഷവും നമുക്കില്ലാതിരുന്നാൽ കുരിശു നമുക്കു ലഘുവായും മധുരമായും തീരും. വേറൊരു വിധത്തിൽ പറഞ്ഞാൽ മിശിഹായുടെ അരൂപിയോടെ നാം കുരിശു ചുമക്കുന്നെങ്കിൽ അതിനെ ചുമക്കാൻ നമുക്കു ഒരു പ്രയാസവുമുണ്ടാകയില്ല. കുരിശിനെ നാം എത്രയധികം സ്നേഹിക്കുമൊ അത്രയും അതിൻെറ ഭാരം നമുക്കു ലഘുവായിത്തോന്നും. കുട്ടികളെ വളൎത്തുന്ന സംഗതിയിൽ മാതാക്കൾ എത്രമാത്രം കഷ്ടതകൾ അനുഭവിക്കുന്നു. എങ്കിലും അവർ ആ കുഞ്ഞുങ്ങളുടെ പേരിലുള്ള സ്നേഹാധിക്യം നിമിത്തം ആ കഷ്ടതകൾ ഭാരമായി തോന്നുന്നില്ലെന്നു മാത്രമല്ല അതു ഒരാശ്വാസവും, സന്തോഷവും മാത്രമായി തോന്നുന്നു. ഹാ! കുരിശുകളെ സന്തോഷത്തോടുകൂടി എടുക്കുന്നതിനാൽ നമുക്കുണ്ടാകുവാനിരിക്കുന്ന നിത്യമഹത്വത്തെ നാം അറിഞ്ഞിരുന്നെങ്കിൽ എത്ര ആഗ്രഹത്തോടും സന്തോഷത്തോടുംകൂടെ അതിനെ നാം അന്വേഷിക്കുമായിരുന്നു. ഈ ലോകത്തിൽ നമുക്കു നേരിടുന്ന കഷ്ടാരിഷ്ടതകൾ നമ്മിൽ വെളിപ്പെടുത്തപ്പെടുവാനിരിക്കുന്ന മഹത്വത്തോടു താരതമ്യപ്പെടുത്തിനോക്കിയാൽ ഒന്നുമില്ലാത്തതുപോലെയാകുന്നുവെന്നു വി. പൌലോസ്ശ്ലീഹാ പറയുന്നു. കുരിശിൻെറ യഥാൎത്ഥവില അറിഞ്ഞിരുന്ന പുണ്യാത്മാക്കളെല്ലാം അതിനെ ആഗ്രഹിച്ചപേക്ഷിച്ചിരുന്നു. വി. അമ്മത്രേസ്യാ "ഒന്നുകിൽപാടുപെടുക, അല്ലെങ്കിൽ മരിക്കുക" എന്നുനിത്യം പറഞ്ഞുവന്നിരുന്നു. വി. യോഹന്നാൻക്രൂസു "കൎത്താവെ! നിന്നെപ്രതി അധികമധികം സങ്കടങ്ങൾ അനുഭവിക്കാൻ ഇടയാക്കണമെ" എന്നു കൂടെക്കൂടെ പ്രാൎത്ഥിച്ചിരുന്നു. മറിയം മഗ്ദലേനദെപാസി എന്ന പുണ്യവതിയാകട്ടെ "കൎത്താവെ! മരിക്കുന്നതിനല്ല, പാടുപെടുന്നതിനു ഞാൻ ആഗ്രഹിക്കുന്നു" എന്നു പറഞ്ഞു അപേക്ഷിച്ചിരുന്നു. ഈ പരിശുദ്ധന്മാരെപ്പോലെ നാമും പാടുകളെയും കുരിശുകളെയും സ്നേഹിക്കണം. ഇവരെയനുകരിച്ചു നാം കുരിശിനെ സ്നേഹിക്കയും ധൈൎയ്യപൂൎവ്വം അതിനെ എടുക്കുകയും ചെയ്യുമെങ്കിൽ നിത്യരാജ്യത്തിൽ അവരോടുകൂടെ നാമും ഭാഗ്യപ്പെടും.

ഈ ജീവിതത്തിൽ കുരിശിനെ ആശ്രയമായി കരുതുന്നവൎക്കു വിധിദിവസത്തിൽ മഹാപ്രഭയോടെ ആകാശമണ്ഡലത്തിൽ കുരിശു കാണപ്പെടുന്നസമയം എത്രയും വലിയ ആശ്വാസമായിരിക്കും. മിശിഹായെപ്രതി എല്ലാമുപേക്ഷിച്ച് സ്വമനസ്സാലെ കുരിശിനെയും ചുമന്നുകൊണ്ട് തൻെറ പിറകെ ചെന്നിട്ടുള്ളവരെ അവിടുന്നു ആ മഹത്വമേറിയ കുരിശിൻെറ നിഴലിൽ ഇസ്രായേലിൻെറ പന്ത്രണ്ടു ഗോത്രങ്ങളെ വിധിക്കുന്നതിനായി സിംഹാസനങ്ങളിൽ ഇരുത്തും. ആ കൎത്താവ് ഈ കുരിശിനെപ്പിടിച്ചുകൊണ്ടു അവരുടെ മുമ്പിൽ നടന്നു അവരെ മോക്ഷത്തിൽ പ്രവേശിപ്പിക്കയും അവിടെ നിത്യകാലം സൎവ്വഭാഗ്യങ്ങളും അനുഭവിപ്പിക്കയും ചെയ്യും. ഈ ഭാഗ്യം പരത്തിൽ നമുക്കും ലഭ്യമാകത്തക്കവണ്ണം ഇഹത്തിൽ കുരിശുകളെ സസന്തോഷം ചുമക്കുന്നതിനു നാം ഉത്സാഹിക്കണം.

### വേദപാരംഗതനായ

# വിശുദ്ധ ബർന്നാർദ്.

(തുടർച്ച)

(ആർ. സി. ഡി.)

സമർത്ഥനും വാഗ്മിയുമായ വി. ബർന്നാർദ്ദ്, മാർപ്പാപ്പായുടെ ഹിതാനുസരണം ബേർഗണ്ടിയിലെ വേസ്സലാ എന്ന സ്ഥലത്തു 1145-ൽ ഒരു മഹാസഭ വിളിച്ചുകൂട്ടി. അവിടെ വച്ചു ഫ്രാൻസു രാജാവായ ലൂയീസു ലെജവുനും അനേകസഹസ്രം രണശൂരന്മാരും പരിശുദ്ധകവറിടത്തെ രക്ഷിക്കുന്നതിനായി കുരിശുയുദ്ധത്തിനു പുറപ്പെട്ടുകൊള്ളാമെന്നു ശപഥംചെയ്തു. ഫ്രാൻസിൽനിന്നു ബർന്നാർദ്ദ് മററുരാജ്യങ്ങളിലേക്കു പുറപ്പെട്ടു. അന്തഃഛിദ്രങ്ങളാൽ ക്ഷീണിച്ചും അസൂയയാൽ തമ്മിൽ ഭിന്നിച്ചും നിന്ന രാജ്യങ്ങളെ ഏകോപിപ്പിക്കുയെന്നതു അത്ര ക്ഷിപ്രസാദ്ധ്യമല്ലായിരുന്നു. എന്നാൽ തന്റെ നയവിശേഷതമൂലം ഒരുവർഷത്തെ പ്രയത്നംകൊണ്ടു ഫ്രാൻസു, ജർമ്മനി, ഇംഗ്ലണ്ടു, സ്പെയിൻ, പോളണ്ട്, ഇററലി, റഷ്യാ എന്നീ ഏഴുരാജ്യങ്ങളെ കുരിശു പതാകയിൻകീഴ് ഏകോപിപ്പിച്ചു പരിശുദ്ധസ്ഥലത്തേക്കു ആനയിപ്പിക്കുന്നതിനു് ബർന്നാർദ്ദിനു സാധിച്ചു.

എന്നാൽ ഈ കുരിശുയുദ്ധം അപജയത്തിലാണു കലാശിച്ചതു്. പ്രസ്തുത യുദ്ധത്തിന്റെ കാരണഭൂതൻ എന്നനിലയിൽ യൂറോപ്പു രാജ്യങ്ങളെല്ലാം ഈ പരാജയവും ബർന്നാർദ്ദിന്റെ മേൽ ചുമത്തി. അദ്ദേഹമാകട്ടെ, തോൽവിക്കുണ്ടായ യഥാർത്ഥ കാരണങ്ങൾ അവർക്കു കാണിച്ചു കൊടുത്തു. അച ക്രിസ്തീയ യോദ്ധാക്കളുടെ പാപകരമായ ജീവിതവും യൂറോപ്യൻശക്തികൾ തമ്മിലുള്ള മത്സരവുമായിരുന്നു. ഇങ്ങനെ രണ്ടാം കുരിശുയുദ്ധം പരാജയത്തിൽ കലാശിച്ചെങ്കിലും ഇതിലേക്കുള്ള ഉദ്യമം ക്രിസ്തീയലോകത്തിനും പാശ്ചാത്യഭൂമിക്കും അനുഗ്രഹീതമായി പര്യവസാനിച്ചുവെന്നു സമ്മതിക്കതന്നെവേണം. ഫ്രഡറിക്കു ഹാരിസൺ എന്ന താർക്കികൻ പ്രസ്താവിക്കുന്നതു കേട്ടാലും:– “ക്രൂശുയുദ്ധം ആരംഭിച്ചു. അതിന്റെ ഭയങ്കരമായ അപജയം അതിന്റെ കാരണകർത്താവുതന്നെ കണ്ടു. ആഗ്രഹിച്ചഫലം അതു എത്രകണ്ടു സാധിച്ചുവെന്നു അദ്ദേഹം അറിഞ്ഞില്ല. പൊന്തിവരുന്ന തിരമാലകൾ കൽപാറകളിൽ മുട്ടിഉടയുന്നതുപോലെമുന്നോട്ടു എരച്ചുകയറിയ മഹമ്മദുവിഭ്രാന്തി ക്രിസ്തീയശിലാതലങ്ങളിന്മേൽ മുട്ടി എങ്ങനെ ക്ഷയോന്മുഖമായെന്നോ, അസൂയാകലുഷങ്ങളായി വർത്തിച്ച യൂറോപ്പുമുഴുവൻ ഏകയോഗമായി എങ്ങനെ വേഴ്ചയിൽ വന്നുവെന്നോ, പൂർവ്വപ്രദേശങ്ങളുമായുള്ള ബന്ധത്താൽ യൂറോപ്പിൽ കലാശാസ്ത്രങ്ങളുടെയും വ്യവസായങ്ങളുടെയും ബീജങ്ങൾ എങ്ങനെ വിതരണം ചെയ്യപ്പെട്ടുവെന്നോ ബർന്നാർദ്ദ് മനസ്സിലാക്കിയില്ല”

വി. ബർന്നാർദ്ദിന്റെ ഇതരവിഷയകമായ മഹൽകൃത്യങ്ങളിലേക്കു ഇനി നമുക്കു കടക്കാം. അഭ്യന്തര കലഹത്തിന്റെ ഒഴുക്കിനെ അദ്ദേഹം നാലുപ്രാവശ്യം ഫ്രാൻസിലും രണ്ടുപ്രാവശ്യം ജർമ്മനിയിലും ഒരുപ്രാവശ്യം ഇററലിയിലും തടഞ്ഞിട്ടുണ്ടു്. ആ മത്സരക്ഷിപ്രമാണിയായ ബ്രേഷ്യയിലെ അർനോൾഡിന്റെ ശക്തി ഇല്ലാതാക്കി. ഹേതുഭൂതവാദത്തിന്റെ ബീജങ്ങളെ വിതക്കുവാൻതുടങ്ങിയ അബെലാർഡു, ഗിൽബർട്ട് എ

ന്നവരുടെ ഗർവ്വത്തെ തന്റെ ശാസ്ത്രീയനിപുണത കൊണ്ട് ശൂന്യമാക്കി. സുപ്രസിദ്ധ ചരിത്രകാരനും താർക്കികനുമായ മാബിലോന്റെ അഭിപ്രായത്തിൽ, മതവിഷയകമായ പ്രസംഗങ്ങളിൽ പിതാക്കന്മാരുടെ കൂട്ടത്തിൽ അഗ്രഗണ്യൻ എന്നു പറയപ്പെടത്തക്കവണ്ണം വി. ബൊനവെന്തൂർ ചെയ്തിട്ടുള്ള അനേക പ്രസംഗങ്ങൾ അത്ര വിശിഷ്ടങ്ങളാണ്. എന്നാൽ വി. ബൊനവെന്തൂറിനെ ഒരു സമർത്ഥനായ ഭരണനിപുണൻ എന്ന നിലയിലൊ അത്ഭുതപ്രവർത്തകൻ എന്ന സ്ഥിതിയിലൊ സന്യാസവര്യൻ എന്ന സംജ്ഞയിലൊ അല്ലാ പ്രധാനമായി നാമിപ്പോൾ പരിഗണിക്കേണ്ടത്. ഈ വിശുദ്ധൻ വിവിധവിഷയങ്ങളെ ക്രോഡീകരിച്ചുകൊണ്ടുള്ള പത്തിൽപരം വലിയ പ്രബന്ധങ്ങളും അനേകം പ്രസംഗങ്ങളും ലേഖനങ്ങളും രചിച്ചിട്ടുണ്ട്. വി. ബൊനവെന്തൂറിന്റെ ഏവംവിധങ്ങളായ ഗ്രന്ഥങ്ങൾമൂലം തിരുസഭയ്ക്കു ഇതഃപര്യന്തം ഉണ്ടായിട്ടുള്ള നന്മ വർണ്ണിക്കയെന്നതു സാദ്ധ്യമല്ല. പുണ്യവാന്റെ ജീവിതകാലത്തുതന്നെ ഇവയ്ക്കു വിപുലമായ പ്രചാരം സിദ്ധിച്ചിരുന്നു. മദ്ധ്യശതകങ്ങളിൽ ഇതരസഭാപിതാക്കന്മാരുടെ ഗ്രന്ഥങ്ങളെക്കാൾ ബൊനവെന്തൂറിന്റെ ഗ്രന്ഥങ്ങൾക്കാണു പ്രാമുഖ്യം ലഭിച്ചിരുന്നത്. പുണ്യവാന്റെ എഴുത്തുകൾക്കുള്ള ഒരു വിശേഷത അവ വിശ്വാസസംവർദ്ധകങ്ങൾ തന്നെയല്ല, ഭക്തിപ്രേരകങ്ങൾകൂടെയാകുന്നുവെന്നുള്ളതാണ്. ഇപ്പോൾ തിരുസ്സഭയിലുള്ള ആരാധനക്രമത്തെ പരിപോഷിപ്പിക്കയും വിശ്വാസികളുടെ ഹൃദയത്തെ ആദ്ധ്യാത്മികാനന്ദത്താൽ തേജോമയമാക്കയും ചെയ്യുന്ന തിരുഹൃദയഭക്തി, തിരുനാമഭക്തി, മാലാഖാമാരുടെ നേരെയുള്ള വണക്കം ഇവയെല്ലാം ഇപ്പോൾ കാണുന്ന സ്ഥിതിയിൽ വിലസുന്നതിനു ബൊനവെന്തൂറിന്റെ കൃതികൾ വളരെ സഹായിച്ചിട്ടുണ്ട്. രഹസ്യദൈവശാസ്ത്രത്തെയും പുണ്യപരിപൂർണ്ണതയെയുംപറ്റി പ്രതിപാദിക്കുന്നവർക്കു വി. ബൊനവെന്തൂർ മാർഗ്ഗദർശിയാണ്.

ചുരുക്കിപ്പറഞ്ഞാൽ സമർത്ഥന്മാരെന്നുപരിഗണിക്കപ്പെട്ടുപോരുന്നഅനേകം ഗ്രന്ഥകാരന്മാരുടെ വിശിഷ്ടആശയങ്ങളും കാവ്യചമൽക്കാരങ്ങളും ബൊനവെന്തൂറിന്റെ കൃതികളിൽ നിന്ന് എടുത്തിട്ടുള്ളവ മാത്രമാണ്. ഏതൻമൂലമല്ലയൊ സർ. ഫ്രാൻസീസ് ക്രൂയീസ്സ്, ക്രിസ്ത്വാനുകരണകർത്താവ് തന്റെ വിശിഷ്ടഗ്രന്ഥനിർമ്മാണത്തിൽ വി.ബൊനവെന്തൂറിനു അത്യധികമായി കടപ്പെട്ടിരിക്കുന്നുവെന്നും, എം. ആർതർലോത്ത് ക്രിസ്ത്വാനുകരണകർത്താവു സാക്ഷാൽ ബൊനവെന്തൂർ തന്നെയെന്നു പറയാം എന്നും പ്രസ്താവിക്കുന്നത്? മദ്ധ്യശതകങ്ങളിൽ മനുഷ്യഗണത്തിന്റെ ശാസ്ത്രീയവും താത്വികവും ആദ്ധ്യാത്മികവുമായ പൌരുഷ്കല്യങ്ങളെ സാരമായ വിധത്തിൽ ബാധിക്കുന്നതിനു കാരണങ്ങളായി തീർത്തിട്ടുള്ള വി. തോമ്മാമല്ലാന്റെ 'സൂമ്മതെയൊളോജിക്കാ,' ഡാന്റിയുടെ 'ഡിവീന കൊമേദിയാ' എന്ന സുപ്രസിദ്ധങ്ങളായ ഇരുഗ്രന്ഥങ്ങളിലും ബൊനവെന്തൂറിന്റെ ആശയങ്ങൾ പ്രകാശിച്ചുകാണുന്നുണ്ട്. ഡാന്റി നമ്മുടെ വിശുദ്ധനെ പ. മറിയത്തിന്റെ വിശ്വസ്തു ബൊനവെന്തൂർ എന്നാണു അഭിസംബോധനം ചെയ്യുന്നത്. മറിയഭക്തിയെക്കുറിച്ചു അതിമനോഹരങ്ങളായ പ്രസംഗപരമ്പരകൾ വി. ബൊനവെന്തൂർ സ്വർഗ്ഗത്തിൽകൂടെയും നടത്തിക്കൊണ്ടിരിക്കുന്നതായിട്ടു ഈ മഹാകവി തന്റെ കാവ്യങ്ങളിൽ രൂപികരിച്ചിരിക്കുന്നു. വി. കുരിശിന്റെ യോഹന്നാൻ, ഫ്രാൻസീസുസാലേസു, അല്ലോൻസു ലിഗോരി എന്ന മൂന്നു ആദ്ധ്യാത്മിക ശാസ്ത്രകോവിദന്മാരും വി. ബൊനവെന്തൂറിനെത്തന്നെയാണ് തങ്ങളുടെ ഗുരുനാഥനായി വരിച്ചിരിക്കുന്നത്.

മുൻപ്രസ്താവിച്ചിട്ടുള്ള മാബിലോൻ വി. ബൊനവെന്തൂറിനെ ഒരു വേദപാരംഗതൻ എന്നനിലയിൽ പരിഗണിച്ചുകൊണ്ടു പ്രസ്താവിക്കുന്നതായത്: പിതാക്കന്മാരിൽഒടുവിലത്തവനായ ബൊനവെന്തൂർ അവരിൽ പ്രഥമഗണനീയരോടു കിടപിടിക്കുന്നുണ്ട്. ആദ്യപിതാക്കന്മാരിൽനിന്നു ലഭ്യമായിട്ടുള്ള തിരുസഭയുടെ പഠനസഞ്ചയത്തെ ഇദ്ദേഹം ആധുനികലോകത്തിനു പ്രദാനം ചെയ്തു. ൧൩-ാംശതകംമുതൽ അദ്ധ്യാപകന്മാരും പ്രാസം

ഗികന്മാരും ആദ്ധ്യാത്മികശാസ്ത്രജ്ഞന്മാരും വി. അഗസ്റ്റീനോസിന്റെ ഗ്രന്ഥങ്ങളൊഴിച്ചാൽ ഏററവും കൂടുതലായ പ്രാമാണ്യം വി. ബെർണ്ണാർദ്ദിന്റെ ഗ്രന്ഥങ്ങൾക്കാണ് നൽകിയിരിക്കുന്നതു്. പതിതമതസ്ഥാപകന്മാരായ ലൂതർ, കാൽവിൻ എന്നിവർകൂടെയും വി. തോമ്മാ, ജെർസോൻ ആദിയായവരെപ്പോലെ ബെർണ്ണാർദ്ദിന്റെ ഗ്രന്ഥസഞ്ചയങ്ങളിൽ അഭിരുചി പ്രദർശിപ്പിച്ചിരുന്നു. 16–ാം നൂററാണ്ടിനു മുൻപു ഈ വിശുദ്ധന്റെ ഗ്രന്ഥങ്ങൾ 80 പതിപ്പു കഴിഞ്ഞിരുന്നു. ഇപ്പോഴാകട്ടെ അതു 500–ആയി വർദ്ധിച്ചിരിക്കുന്നു. ആധുനികശാസ്ത്രീയ ലോകത്തിനു ബെർണ്ണാർദ്ദിന്റെ നേരെയുള്ള ആകർഷണം വർദ്ധിച്ചുതന്നെയാണ് വരുന്നതു്. വി. ഗ്രന്ഥങ്ങൾ കഴിഞ്ഞാൽ ഈ വേദപാരംഗതന്റെ എഴുത്തുകളാണ് ഭക്തജീവിതത്തിനു കൂടുതൽ ഉപകാരപ്രദങ്ങളായി നാം പരിഗണിക്കേണ്ടതു്. ഇദ്ദേഹത്തിന്റെ എഴുത്തുകളിൽ കളിയാടുന്ന അർത്ഥപുഷ്ടി, ലളിതരീതി, ചമൽക്കാരപ്രയോഗങ്ങൾ, യുക്തിപൂർവ്വമായ പ്രതിപാദനം, ഹൃദയംഗമമായ പ്രസ്താവന, എന്നീ വിശിഷ്ടഗുണങ്ങൾ ഏതൊരു വായനക്കാരനെയും ആകർഷിക്കതന്നെ ചെയ്യുന്നുണ്ടു്. പരിശുദ്ധാരൂപിയാൽതന്നെ പ്രേരിതങ്ങളും തിരുസഭയ്ക്കൊരു നിക്ഷേപവുമായിരിക്കുന്ന വി. ബെർണ്ണാർദ്ദിന്റെ മധുരകോമളമായ ഗ്രന്ഥസഞ്ചയമെ! നിന്റെ അമാനുഷികശക്തിയെ ക്ഷയോന്മുഖമാക്കുവാൻ ആരാണു ലോകത്തിലുണ്ടാകുന്നതു് എന്നു ഫെനെലൊൻ എന്ന മഹാൻ ചോദിക്കുന്നു. വി. ലിഖിതവ്യാഖ്യാതാവു എന്ന നിലയിലും ബെർണ്ണാർദ്ദ് ഒരു ഉന്നതസ്ഥാനം അർഹിക്കുന്നുണ്ടു്. 13–ാം ലെയോൻ പാപ്പാ പ്രസ്താവിക്കുന്നതു വി. ഗ്രന്ഥങ്ങളുടെ രൂപകാർത്ഥ വ്യാഖ്യാനത്തിൽ വിശുദ്ധനെ മററാരും അതിശയിക്കുന്നില്ലെന്നാണ്. നിയമവിദഗ്ദ്ധൻ തത്വപ്രബോധകൻ, എന്ന നിലകളിലും ബെർണ്ണാർദ്ദ് ഒട്ടും പിന്നോക്കമല്ല.

1153–ൽ നമ്മുടെ വിശുദ്ധൻ പരലോകപ്രാപ്തനായി. അന്നുമുതൽ തിരുസ്സഭയുടെ ഒരു വേദപാരംഗതനായി എല്ലാവരും അദ്ദേഹത്തെ പരിഗണിച്ചുപോന്നു. 1174-ൽ വേദപാരംഗതന്മാർക്കു വേണ്ടിയുള്ള കുർബ്ബാനയും ഈ സിദ്ധന്റെ തിരുനാളിൽ ചൊല്ലിത്തുടങ്ങി. 1830 ജൂലൈ 23–ാം തീയതി 6–ാം പിയൂസ് മാർപ്പാപ്പാ വി. ബെർണ്ണാർദ്ദിനെ തിരുസ്സഭയുടെ വേദപാരംഗതൻ എന്നു മുറപ്രകാരം പ്രഖ്യാപനം ചെയ്തു. 27 വർഷങ്ങൾക്കുശേഷം ഇദ്ദേഹം (Illustrious Doctor) വിശ്രുതമല്പാൻ എന്നു് അഭിസംബോധനം ചെയ്യപ്പെട്ടു. എന്നാൽ ഇപ്പോഴാകട്ടെ വി. ബെർണ്ണാർദ്ദ് (Mellifluous Doctor) അധരങ്ങളിൽ നിന്നു തേനൊഴുകുന്ന മല്പാൻ എന്നാണു വിളിക്കപ്പെടുന്നതു.

വി. ബെർണ്ണാർദ്ദിനു മല്പാൻ എന്ന സ്ഥാനത്തേക്കാൾ മഹനീയമായ തിരുസഭാപിതാവു എന്ന സംജ്ഞകൂടെ ലഭ്യമായിട്ടുണ്ടു്. വി. ക്ലെമെന്റിന്റെ നാമം മുതൽ ആരംഭിച്ചു, അഗസ്റ്റീനോസ് ഈരാനിമോസ്, ബസ്സീലിയോസ്, ഗ്രീഗോറിയോസ് ആദിയായ വിശ്രുത സംജ്ഞകളാൽ പരിപോഷിതമായ തിരുസ്സഭാപിതാക്കന്മാരുടെ പട്ടിക. വി. ബെർണ്ണാർദ്ദിന്റെ നാമംകൊണ്ടാണ് അവസാനിക്കുന്നതു്.

## സച്ചിന്തകൾ.

ആത്മജ്ഞാനം കൂടാതെ ഒരുവനും രക്ഷപ്രാപിപ്പാൻ സാധിക്കയില്ല. നിത്യരക്ഷയുടെ മാതാവായ എളിമ അതിൽനിന്നാണുത്ഭവിക്കുന്നതു്. (വി. ബെർണ്ണാർദ്ദ്)

വിവേകരഹിതമായ ബദ്ധപ്പാടോടുകൂടെ തുടങ്ങുന്നതൊക്കെയും, ആരംഭത്തിൽ എത്രവിജയകരമായി തോന്നിയാലും വേഗത്തിൽ നിഷ്ഫലമായി തീരുകയാണു പതിവ്.

(ററാസിററസ്)

മനസ്സാക്ഷി വാസ്തവത്തിൽ ഒരു ന്യായാസനമാകുന്നു.

(വി. ക്രിഗോരിയോസ്.)

യശസ്സിന്റെ മാതാവു അദ്ധ്വാനമാകുന്നു. (എവുരീപ്പിദേസ്.)

# അകത്തോലിക്ക വാദങ്ങൾക്ക് കത്തോലിക്ക പ്രത്യുത്തരം.

(ഫാദർ പ്ളാസിഡ്, സി. ഡി., പി. എച്ച്.ഡി., ഡി.ഡി.,ഡി. സി.എൽ.)

ചോദ്യം 1. മിശിഹാ സ്ഥാപിച്ച സഭ തെററിൽ വീഴാതെ ഇന്നും സത്യബോധനം ചെയ്യുന്നുണ്ടെന്ന് എങ്ങനെ വിശ്വസിക്കാം?

ഉത്തരം— മനുഷ്യരക്ഷ സാധിക്കുവാനാണല്ലോ മിശിഹാ സഭ സ്ഥാപിച്ചത്. രക്ഷപെടേണ്ട മനുഷ്യർ ലോകാവസാനം വരെ ഉണ്ടായിരിക്കും എന്നതു നിസ്സംശയമത്രെ. അകയാൽ സഭയും ലോകാവസാനം വരെ ഉണ്ടായിരിക്കണം. രക്ഷയുടെ മാർഗ്ഗമായി ഏതു വിധത്തിൽ സഭ സ്ഥാപിക്കപ്പെട്ടുവോ ആ വിധത്തിൽ അതു ലോകാവസാനംവരെ നിലനില്ക്കണം. രക്ഷയുടെ മാർഗ്ഗമെന്ന നിലയിൽ അതിനുണ്ടായിരുന്ന സ്വഭാവം എന്നു നഷ്ടപ്പെടുന്നുവോ അന്നു അതു രക്ഷയുടെ മാർഗ്ഗമല്ലാതായിത്തീരുന്നു. പക്ഷെ, രക്ഷയുടെ മാർഗ്ഗം ലോകാവസാനം വരെ ഉണ്ടായിരിക്കണം. എന്തുകൊണ്ടെന്നാൽ രക്ഷപെടേണ്ട മനുഷ്യർ ലോകാവസാനം വരെ ഉണ്ടായിരിക്കും.

ചോദ്യം 2. സഭാഭരണം ചപലന്മാരായ മനുഷ്യർക്കു മിശിഹാ ഭരമേല്പിച്ചിരിക്കെ അവർ മിശിഹായുടെ ഉപദേശങ്ങൾ മലിനമാക്കാതെ ഏതാവൽപര്യന്തം സഭയെ നടത്തുന്നു എന്ന് എങ്ങനെ വിശ്വസിക്കാം?

ഉത്തരം— സഭാഭരണം മനുഷ്യർക്കാണ് ഭരമേല്പിക്കപ്പെട്ടത്. അവർ ചപലന്മാർ തന്നെ. എന്നാൽ അവരുടെകൂടെ ലോകാവസാനംവരെ താൻ ഉണ്ടായിരിക്കുമെന്നു ദൈവമായ സഭാസ്ഥാപകൻ വാഗ്ദാനം ചെയ്തിട്ടില്ലയൊ? "സ്വർഗ്ഗത്തിലും ഭൂമിയിലും എല്ലാം അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു. അകയാൽ നിങ്ങൾ പോയി എല്ലാജാതികളെയും പഠിപ്പിക്കുവിൻ. പിതാവിൻെറയും പുത്രൻെറയും റൂഹാദ്ക്കുദശായുടെയും നാമത്തിൽ അവരെ ജ്ഞാനസ്നാനപ്പെടുത്തുവിൻ. ഞാൻ എന്തെല്ലാം നിങ്ങളോടു പ്രമാണിച്ചുവൊ, അതെല്ലാം അനുസരിക്കുവാൻ അവരെ പഠിപ്പിക്കുവിൻ. കണ്ടാലും, ലോകാവസാനംവരെ ഞാൻ നിങ്ങളുടെകൂടെ ഉണ്ട്" (വി.മത്താ. 28: 18-20.) ഈ തിരുവാക്യങ്ങൾ അർത്ഥശൂന്യങ്ങളാണെന്നു സമർത്ഥിക്കുവാൻ ആർക്കു സാധിക്കും? പ്രസ്തുതവാഗ്ദാനം ശ്ലീഹന്മാരോടാണ് മിശിഹാ ചെയ്തത്. എന്നാൽ ശ്ലീഹന്മാരെല്ലാവരും മരണം പ്രാപിച്ചു. ലോകാവസാനം വരെ, എല്ലാജാതികളോടും സുവിശേഷം പ്രസംഗിക്കുവാൻ ഇനി അവർക്കു സാധിക്കുകയില്ല. എങ്കിലും സുവിശേഷപ്രസംഗം ലോകാവസാനംവരെ നടക്കേണ്ട ഒന്നാണ്. ശ്ലീഹന്മാരുടെ പിൻഗാമികളല്ലാതെ വേറെ ആരാണ് ഈ ജോലി നിർവ്വഹിക്കുവാനുള്ളവർ! അകയാൽ ശ്ലീഹന്മാരുടെ പിൻഗാമികൾ ഇന്നും ഉണ്ടെന്നും അവരുടെ കൂടെ മിശിഹായും ഉണ്ടെന്നും സിദ്ധിക്കുന്നു. മിശിഹായുടെ സഹായമുള്ളടത്തു അബദ്ധോപദേശം നടക്കുക അസാദ്ധ്യമാണ്. സഭയുടെ ദൃശ്യപാലകന്മാർ ചപലന്മാരാണെങ്കിലും മിശിഹാ അവരുടെ കൂടെയുള്ളതിനാൽ, മിശിഹായുടെ ഉപദേശങ്ങളെ മലിനമാക്കാതെ എന്നും സഭയെ നടത്തുവാൻ അവർക്കു സാധിക്കും. ഇതു സമ്മതിക്കാത്തപക്ഷം നരകവാതില്ക്കൾ സഭയെ ജയിച്ചു എന്നു സമ്മതിക്കേണ്ടിവരും. നരകവാതില്ക്കൾ സഭയെ ജയിച്ചെങ്കിൽ മിശിഹായുടെ വാഗ്ദാനം അ

ർത്ഥശൂന്യമായി ഭവിക്കുന്നു. എന്നാൽ, തന്റെ വാഗ്ദാനത്തിനുകോട്ടം വരാതെ അതിനെ പാലിക്കുവാൻതക്ക ശക്തിയില്ലാത്തവനാണൊ സർവ്വശക്തനായമിശിഹാ?

# ലൂർദിലെ ഒരു അൽഭുതം.

(ഫാദർ സിറിയക്ക് കാപ്പിൽ, പി. എച്ച്. ഡി.)

ഇംഗ്ലണ്ടിലുള്ള ലീഡ്സ് രൂപതയിൽ നിന്നു ഒരു തീർത്ഥയാത്രാസംഘം കഴിഞ്ഞ ജൂൺ മാസാവസാനത്തിൽ ലൂർദിലേക്കു പോകയുണ്ടായി. ആ കൂട്ടത്തിൽ പല രോഗികളുമുണ്ടായിരുന്നു ഹിൽസ്ബ്രോ ഇടവകക്കാരനായ ആൽഫ്രഡ് വുഡ് എന്ന തളർവാതക്കാരനും ആ കൂട്ടത്തിൽപെട്ടു. അയാൾ കഴിഞ്ഞ എട്ടുപത്തു മാസമായിട്ടു ഇടത്തുവശം മുഴുവൻ തളർന്നുകിടക്കയായിരുന്നു. മാത്രമല്ല സുഖപ്പെടുന്ന തളർവാതമല്ല എന്നു ഡോക്ടറന്മാരും അഭിപ്രായപ്പെട്ടു. അയാളെ എടുത്തു മോട്ടാർകാറിൽ കിടത്തി രോഗികൾക്കായുള്ള പ്രത്യേക തീവണ്ടിയിലാക്കിയാണു ലൂർദിലേക്കു കൊണ്ടുപോയതു്. അവിടെചെന്നു അത്ഭുത ഉറവയിൽ മുക്കിയ ക്ഷണത്തിൽ എനിക്കു സുഖമായി ഞാൻ നടക്കും എന്നു പറഞ്ഞു. മി. വുഡ് എണീററു പോകാൻ തുടങ്ങി. എങ്കിലും ശുശ്രൂഷികൾ അയാളെ ഉന്തുവണ്ടിയിലാക്കി മാതാവു കാണപ്പെട്ട ഗുഹയുടെ മുമ്പിൽ കൊണ്ടുകിടത്തി പ്രാർത്ഥനചൊല്ലി. 'രാജകന്യകയേ' എന്ന നമസ്കാരമാരംഭിച്ചപ്പോൾ മി. വുഡ് വണ്ടിയിൽ നിന്നു എഴുന്നേററു പുറത്തേക്കിറങ്ങി ദൈവത്തെയും ദൈവജനനിയെയും സ്തുതിച്ചുകൊണ്ടു നടക്കുന്നതു കണ്ടപ്പോൾ അവിടെ കൂടിയിരുന്ന ജനതതി ആനന്ദാശ്രുക്കൾ പൊഴിക്കാതിരുന്നില്ല.

സന്തോഷസമേതം തീർത്ഥയാത്രാസംഘം ലണ്ടനിലേക്കു തിരിച്ചു. തീവണ്ടി ലണ്ടൻ സ്റ്റേഷ്യനിൽ എത്തുന്നതിനുമുമ്പ് ഒരു വലിയ ജനക്കൂട്ടം അവിടെക്കൂടിയിരുന്നു. മി. വുഡിനെ രോഗാതുരനും തനിച്ച് യാതൊന്നും ചെയ്വാനശക്തനുമായി വണ്ടിയിൽ കയററി അയച്ച ഹെപ്പൽ എന്ന ധാരയും കുടുംബവും സ്റ്റേഷ്യൻ പ്ലാററുഫോറത്തിൽ മി. വുഡിനെ പ്രതീക്ഷിച്ചു നിൽക്കുന്നുണ്ടായിരുന്നു. വണ്ടിവന്നുചേർന്ന ഉടനെ മി. വുഡ് എവിടെ എന്നു മി. ഹെപ്പൽ ജിജ്ഞാസാഭരിതനായി ചോദിച്ചതും അരോഗദൃഢഗാത്രനായ ഒരു യുവാവിനെപ്പോലെ മി. വുഡ് ഹെപ്പലിനെ അഭിമുഖീകരിച്ചതും ഒരുമിച്ചു കഴിഞ്ഞു. അന്നേരത്തെ മി. ഹെപ്പലിന്റെയും കൂട്ടരുടെയും ചിന്താഗതി ഊഹിച്ചുകൊണ്ടാൽമതി. അയാൾ പറയുന്നു. 'ഇതു ഒരു പക്ഷേ ലൂർദിൽ ഒരത്ഭുതമായി ഗണിച്ചിട്ടില്ലായിരിക്കാം. അതെങ്ങനെ ഇരുന്നാലും ശരി. ഈ അത്യത്ഭുതകാഴ്ച സകലരേയും പരതന്ത്രരാക്കിയിരിക്കുന്നു.'

ഷെഫിൽഡ് സ്റ്റേഷ്യനിൽവച്ചു് മി. വുഡും അയാളുടെ ഭാര്യയുമായുണ്ടായകൂടിക്കാഴ്ച ഇതിലെന്യേ വിശേഷമായിരുന്നു. നിസ്സഹായനായ ഭർത്താവിനെ കാണാൻവന്ന മിസ്സിസ്സ് വുഡ് സന്തോഷപാരവശ്യത്താൽ നിലം പതിച്ചപ്പോൾ ശക്തനായ മി. വുഡിന്റെ കൈകളേ അവരെ താങ്ങാനുണ്ടായിരുന്നുള്ളു. ലൂർദിലേക്കു പോകുകയിൽ സ്റ്റേഷ്യനിൽ മി. വുഡിനെ കൊണ്ടുവന്നാക്കിയ ഡ്റൈവർ മി. വുഡ് തന്നെ ന

ടന്നുചെന്നു വണ്ടിതുറന്നു അതിൽ പ്രവേശിക്കുന്നതുകണ്ടപ്പോൾ ഇതുപോലെ ഒരു കാഴ്ചകൂടികാണാൻ ഞാൻ ശക്തനല്ല എന്നു പറഞ്ഞുപോയി.

ഇതാ ലൂർദ്ദ്നാഥയുടെ മാദ്ധ്യസ്ഥത്തിന്റെ ശക്തി. എന്നാലും ഇതു് ലൂർദിലെ മെഡിക്കൽബോർഡിന്റെ നിയമപ്രകാരം ഒരത്ഭുതമായിഎണ്ണാൻ പാടില്ലെന്നു പറയുമ്പോൾ എത്ര നിഷ്കൃഷ്ടയാണു സഭ അത്ഭുതപ്രഖ്യാപനത്തിൽ വച്ചിരിക്കുന്നതെന്നേതാണ്ടു വ്യക്തമാകും.

# “ക്ഷമിക്കലും മറക്കലും.”

(ശ്രീമാൻ ജോൺ മാണിക്കനാംപറമ്പിൽ)

“ശത്രുക്കളെ നിങ്ങൾ സ്നേഹിപ്പിൻ; നിങ്ങളെ വെറുക്കുന്നവർക്കു നിങ്ങൾ ഉപകാരം ചെയ്വിൻ; നിങ്ങളെ ഉപദ്രവിക്കയും നിങ്ങൾക്കു അപകീർത്തി വരുത്തുകയും ചെയ്യുന്നവർക്കു വേണ്ടി നിങ്ങൾ പ്രാർത്ഥിപ്പിൻ” എന്നിങ്ങനെ നമ്മുടെദിവ്യരക്ഷിതാവു അരുളിച്ചെയ്തിരിക്കുന്നതു ഒരു വിധത്തിലും പ്രായോഗികമല്ലാത്തഒരു കല്പനയായിട്ടാണു് പലരും ധരിച്ചിട്ടുള്ളതു. നമ്മോടു രഹസ്യമായൊ പരസ്യമായൊ വിരോധം ഭാവിക്കുന്നവരോടും ഏതുവിധത്തിലെങ്കിലും നമ്മെ ഉപദ്രവിക്കുന്നവരോടും ഉപദ്രവിച്ചിട്ടുള്ളവരോടും ക്ഷമിച്ചുകൊണ്ടു അവരോടു നന്മനസ്സും കരുണയും കാണിക്കേണ്ടതു നമ്മുടെ ആത്മീക സൌഖ്യത്തിനു ആവശ്യമായ സഹോദരസ്നേഹപ്രവൃത്തികളിൽ ഒന്നാമത്തേതു തന്നെയാണു്. ക്ഷമയുടെ ആവശ്യത്തെപ്പററി ആർക്കും സംശയത്തിനു അവകാശമില്ല. നിങ്ങൾ മററുള്ളവരോടു ക്ഷമിക്കാതിരുന്നാൽ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവും നിങ്ങളോടു ക്ഷമിക്കയില്ല എന്ന ദിവ്യ രക്ഷിതാവിന്റെ തിരുവചനം ക്ഷമയുടെ ആവശ്യത്തെ വ്യക്തമായി വെളിപ്പെടുത്തുന്നുണ്ടല്ലോ.

എന്നാൽ നാം അന്യരിൽ നിന്നും സഹിച്ചിട്ടുള്ള ഉപദ്രവങ്ങളെ ‘മറക്കുക’ എന്നതു ക്ഷമിക്കുന്നതുപോലെ തന്നെആവശ്യമാണോയെന്നു പലർക്കും സംശയമില്ലാതില്ല. ക്ഷമിക്കയെന്നുള്ളതു ദൈവാനുഗ്രഹത്താൽ മാത്രം സാധിക്കുന്നതുപോലെ മറക്കുവാനും ദൈവസഹായം കൂടാതെ ഒരുത്തനും സ്വയമേ സാധിക്കുന്നതല്ലെന്നു ചില തത്വശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നു. എന്നാൽ എന്നോടു എന്റെ ശത്രുക്കൾചെയ്തിട്ടുള്ള ഉപദ്രവങ്ങൾ ഞാൻ ഒരിക്കലും മറക്കുകയില്ല. എന്നു ഒരാൾ ഉറപ്പായി പറയുന്നെങ്കിൽ അയാൾ അവരോടുക്ഷമിച്ചെന്നു പറയുന്നതും വിശ്വസിക്കാവുന്നതല്ല. ഹെൻറി വാർഡ്ബീച്ചർ എന്നൊരാൾ ഇങ്ങിനെ പറയുന്നു. ‘‘ഞാൻ ക്ഷമിക്കാം. എന്നാൽ ഞാൻ ഒരിക്കലും മറക്കുകയില്ല’ എന്നൊരുത്തൻ പറയുന്നതു ‘ഞാൻ ക്ഷമിക്കയില്ല’ എന്നു വേറൊരു വിധത്തിൽ പറയുന്നതാണു്. യാതൊരുത്തനെയും കാണിപ്പാൻ വഹിയാത്തവിധം അനേക ചെറുകഷണങ്ങളായി കീറികരിച്ചുകളഞ്ഞ ഒരു കടലാസ് കഷണം പോലെയായിരിക്കണം ക്ഷമ.”

യഥാർത്ഥമായി ക്ഷമിക്കുന്ന ഒരുത്തനു അതേ സംഗതി മറക്കേണ്ടതും ആവശ്യമാണു്. എന്നാൽ മറക്കുവാനുള്ള മാ

ർഗ്ഗമാണു് പലക്കും മനസ്സിലാകാതിരിക്കുന്നതു. "ഓർമ്മിപ്പാൻ അവർ ഞങ്ങളെ പഠിപ്പിക്കുന്നു; എന്നാൽ മറക്കുവാനു എന്തുകൊണ്ടു പഠിപ്പിക്കുന്നില്ല? ഓർമ്മ ഒരു അനുഗ്രഹമാകുന്നതുപോലെതന്നെ ഒരു ശാപവുമാണെന്നു ഒരിക്കലെങ്കിലും സമ്മതിക്കാത്ത ഒരു മനുഷ്യനെകാണാൻ സാധിക്കയില്ല. കഴിഞ്ഞുപോയിട്ടുള്ള ഏതെങ്കിലും സംഭവത്തെയൊ വിചാരങ്ങളെയൊപററിയുള്ള ഇപ്പോഴത്തെ ഓർമ്മയെ താല്ക്കാലികമായിട്ടൊസ്ഥിരമായിട്ടൊ മറന്നുകളയുന്നതിനു എത്രകണ്ടു ശ്രമിച്ചാലും ഒരുത്തനു സാധിക്കുമോ? 'എൻെറ ഓർമ്മകൊണ്ടുതന്നെ ഞാൻ മറക്കുന്നു'എന്നു കുട്ടികൾ പറയുന്നതിൽ വല്ല വാസ്തവവുമുണ്ടോ?" എന്നിങ്ങിനെ എഫ്. എ. ഡൂറിവെഗ് എന്നയാൾ ചോദിക്കുന്നു.

ഏതെങ്കിലും ഒരു സംഗതി ഓർത്തിരിപ്പാൻ നമുക്കു പല മാർഗ്ഗങ്ങളുമുണ്ടല്ലോ. അതുപോലെ തന്നെ മറക്കുന്നതിനും, ഓർമ്മിക്കുവാൻ നാം ചെയ്യുന്ന ശ്രമത്തിനു എതിരായി പ്രവർത്തിച്ചാൽ, സാധിക്കുമെന്നാണു് തോന്നുന്നതു്. ഏതെങ്കിലും ഒരു സംഗതി ഓർത്തിരിക്കുന്നതിനു സാധാരണ ഉപയോഗിച്ചുവരുന്ന ഏററം എളുപ്പമായമാർഗ്ഗം ആ സംഗതിയെ ആവർത്തിച്ചുകൊണ്ടിരിക്കുന്നതാണല്ലൊ. ഒരു വിദ്യാർത്ഥി താൻ പഠിക്കേണ്ട വിഷയങ്ങൾ മനഃപാഠമാകുന്നതുവരെ ഉരുവിട്ടുകൊണ്ടിരിക്കുന്നു. അതിനാൽ ഓർമ്മിക്കുവാൻ നാം എന്തുചെയ്യുന്നുവോ അതിനെതിരായി പ്രവർത്തിച്ചാൽ മറക്കുവാനും നമുക്കു സാധിക്കും.

ആരെങ്കിലും നമുക്കൊരു ഉപദ്രവം ചെയ്തുവെന്നിരിക്കട്ടെ. നാം ആ സംഗതിയെഉടനെ നമ്മുടെ ആലോചനാവിഷയമാക്കാതെയും, അതിൻെറനാനാമുഖങ്ങളെപ്പററി ഗാഢമായി ചിന്തിക്കാതെയും, നമ്മുടെ സ്നേഹിതന്മാരോടൊ പരിചയക്കാരോടൊ മററാരോടെങ്കിലുമൊ ആ സംഗതി ആവർത്തിച്ചു പറയാതെയും, നാം ചെയ്തുകൊണ്ടിരിക്കുന്ന പ്രവൃത്തിക്കു വിഘ്നം വരുത്തുന്ന ഒരു അന്യവിചാരത്തെപ്പോലെ അതിനെ കരുതിക്കൊണ്ടു മനസ്സിൽ സ്ഥലം അനുവദിക്കാതെ അതിനെ തള്ളിക്കളയുന്നുവെങ്കിൽ തീർച്ചയായും നമുക്കു് ആ സംഗതി മറക്കുവാൻ കഴിയും. എന്നാൽ ഇതു അക്കം അത്ര എളുപ്പത്തിൽ സാധിക്കാവുന്നതായി ആദ്യം അനുഭവപ്പെടുകയില്ല. ഉപദ്രവം നേരിടുന്ന അതേസമയത്തുതന്നെ ഇപ്രകാരം ശ്രമിക്കുന്നതാണു് ഇതിൻെറ വിജയത്തിനു ആവശ്യമായിരിക്കുന്നതു്. ആഴ്ച്ചതോറുമൊ മാസം തോറുമൊ അഥവാ ആണ്ടുതോറുമൊ കഴിക്കാറുള്ള കുമ്പസാരംവരെ ഇതിനെ മനസ്സിൽ വച്ചുകൊണ്ടിരുന്നശേഷം ഇപ്രകാരം ശ്രമിച്ചതുകൊണ്ടു വലിയ പ്രയോജനമുണ്ടാകുമെന്നു തോന്നുന്നില്ല. ഓർമ്മിക്കുന്നതിനു ആവർത്തനം ആവശ്യമാണെന്നുള്ളതിനെപ്പററി പറഞ്ഞയവസരത്തിൽ പ്രഫൊസ്സർ ലാഡ് എന്നൊരാൾ ഇങ്ങിനെ പറയുന്നു. "ഏതെങ്കിലും ഒരു സംഗതി ഓർത്തിരിക്കേണ്ടതുണ്ടെങ്കിൽ ആയതു ആദ്യമായി നമ്മുടെ ബോധത്തിൽ പ്രവേശിക്കുമ്പോൾതുടങ്ങി കഴിയുന്നിടത്തോളം അതിനെ ഉരുവിടാൻ ശ്രമിക്കണം. എന്തുകൊണ്ടെന്നാൽ മറക്കുകയെന്നതു ആദ്യം ഏററം എളുപ്പത്തിൽ സാധിക്കുന്നതും താമസിച്ചാൽ അപ്രകാരം സാധിപ്പാൻ ഏററം പ്രയാസമുള്ളതുമായ ഒന്നാണു്."

ഉപദ്രവങ്ങളെ മറക്കുകയെന്നുള്ളതു ഏററം ശ്രമകരമായ ഒന്നുതന്നെയെങ്കിലും അസാദ്ധ്യമല്ലെന്നുള്ളതു തീർച്ചതന്നെ. ഓർമ്മിക്കുന്നകാര്യത്തിനെന്നതുപോലെ തന്നെ മറക്കുന്നതിനും നമ്മുടെ മനസ്സിൻെറ സഹായം ഒഴിച്ചുകൂടാത്തതാണു്. പല സംഗതികളിലും നമുക്കു അനുഭവമുള്ളതുപോലെ, മറക്കുന്നതിനുള്ള മനസ്സാണു് ആവശ്യമായി കാണുന്നതു്.

## ൧൯൨൭ സെപ്ററംബറിലെ തിരുഹൃദയസഭക്കാരുടെ

# പൊതുനിയോഗം.

### തിയോസഫിയോടു പോരാട്ടം.



ബ്ളവട്ട്സ്കി മദാമ്മ 1875-ൽ അമേരിക്കയിൽ ആരംഭിച്ചതും കർണ്ണൽ ഓൾക്കോട്ടു ബസാൻറു മദാമ്മ മുതലായവരുടെ സഹായത്തോടെ ഇൻഡ്യയിൽ പ്രചരിപ്പിച്ചതുമായ ഒരു നവീന മതമാണു തിയോസഫി. തിയോസഫി എന്ന സംജ്ഞയ്ക്കു ദൈവികജ്ഞാനം എന്നാണു അർത്ഥം. ദൈവത്തെ അറിയുന്നതിനുള്ള ഒരു മാർഗ്ഗമായിട്ടാണു തിയോസഫി സ്വയം നടിക്കുന്നതു്. ഈ പുതിയ മതത്തിൻെറ മ്ശിഹായായി ബസാൻറു മദാമ്മ തെരഞ്ഞെടുത്ത കൃഷ്ണമൂർത്തി മ്ശിഹാപദത്തിനുള്ള അഭ്യസനങ്ങളെല്ലാം നടത്തിയശേഷം ഇപ്പോൾ ആ പദം സ്വീകരിച്ചു മതപ്രചരണാർത്ഥം പ്രയത്നിച്ചു വരുന്നുമുണ്ടു്.

തിയോസഫി അബദ്ധസംപൂർണ്ണമായ ഒരുമതമാണു്. ദൈവത്തെ അറിയേണ്ടതു് മനസ്സാക്ഷി ഒന്നുകൊണ്ടുമാത്രമാണെന്നും എല്ലാമതങ്ങളിലും കുറെ തെററും കുറെ ശരിയും ഉള്ളതുനിമിത്തംഎല്ലാമതങ്ങളും ആദരണീയങ്ങളാണെന്നും, പുനർജന്മം ഉണ്ടെന്നും സ്വർഗ്ഗനരകങ്ങൾ ഇല്ലെന്നും മററുമാണു് തിയോസഫി മതസിദ്ധാന്തങ്ങൾ.

തിയോസഫി അബദ്ധ സംപൂർണ്ണമാണെങ്കിലും ഇൻഡ്യയിലും അമേരിക്കയിലും ഇതിനു കുറെയെല്ലാം പ്രചാരം ലഭിച്ചു വരുന്നുണ്ടു്. മനുഷ്യർ പ്രകൃത്യാ ഒരു മതം ആഗ്രഹിക്കുന്നു. ദൈവികജ്ഞാനം പ്രദാനം ചെയ്യുന്നെന്നു് നടിക്കുന്ന ഈ മതം ഈ ആഗ്രഹത്തെ ഏതാണ്ടു തൃപ്തിപ്പെടുത്തുന്നുണ്ടെങ്കിൽ അതിൽ വിസ്മയിപ്പാനില്ലല്ലൊ. കൂടാതെയും എല്ലാ മതങ്ങളും ഒരുപോലെ ആദരണീയങ്ങളാണെന്നു സമ്മതിക്കുന്നതു നിമിത്തം അബദ്ധ മതങ്ങളെല്ലാം ഈ പുതിയ മതത്തോടു അനുഭാവം പ്രദർശിപ്പിക്കുന്നു. കത്തോലിക്കാമതം മാത്രമെ തീയോസഫിയെ ആദരിക്കാതിരിക്കുന്നുള്ളു. സർവ്വ മനുഷ്യരുടെയും സാഹോദര്യതത്വം തീയോസഫിയുടെ അടിസ്ഥാന തത്വമാണെന്നു പ്രസ്താവിക്കുന്നതു തീയോസഫിയെ പലരും ആദരിക്കുന്നതിനു കാരണമായിട്ടുണ്ടു്.

തിയോസഫി മതത്തിൻെറ അബദ്ധസിദ്ധാന്തങ്ങൾ പൊതുവെ മനസ്സിലാകുന്നതിനും തന്നിമിത്തം ഈ മതപ്രചരണം തടയുന്നതിനും ഇടയാകുവാൻ തിരുഹൃദയ ഭക്തന്മാർ ഈ മാസത്തിൽ പ്രത്യേകം പ്രാർത്ഥിക്കണം.

ഒക്ടോബർ—. കുടുംബങ്ങളിൽ കൂട്ടമായിട്ടുള്ള പ്രാർത്ഥന.

# ക. നാഥയുടെ കുഞ്ഞുമക്കൾക്ക്.

## ഉപവിയുടെ ആവശ്യവും ലക്ഷണങ്ങളും.

പ്രിയകുഞ്ഞുങ്ങളെ,

പുണ്യങ്ങളിൽ എത്രയും സാരവത്തായതും, "എൻെറ പ്രമാണം" എന്നു വിളിച്ചു കൊണ്ടു മിശിഹാ തൻെറ അന്ത്യശാസനമായി സ്വന്തം ശിഷ്യൎക്കു പ്രദാനം ചെയ്തിരിക്കുന്നതുമായ ഉപവിയിൽ അഭ്യസിക്കുന്നതിനു ഏവരും സദാ ശ്രമിക്കണമെന്നാണല്ലൊ കഴിഞ്ഞ പ്രാവശ്യം പറഞ്ഞിരുന്നത്. ഈ അഭ്യസനത്തിനു പ്രവൃത്തിപരമായ ഉപവിയുടെ സ്വഭാവം എന്തെന്നറിയുന്നതു ഉപകാരപ്രദവും സഹായകവുമായിരിക്കും. ഉപവിയുടെ പ്രാധാന്യം എത്രമാത്രമെന്നും ലക്ഷണങ്ങൾ ഏവയെന്നും വി. പൗലോസ ശ്ലീഹാ വളരെ വിശദമായും സ്പഷ്ടമായും വിവരിച്ചിട്ടുണ്ട്:—

"ഞാൻ മനുഷ്യരുടെയും ദൈവദൂതന്മാരുടെയും ഭാഷകളിൽ സംസാരിച്ചാലും എനിക്കു ഉപവിയില്ലെങ്കിൽ ഞാൻ മുഴങ്ങുന്ന ചെമ്പൊ ചിലമ്പുന്ന കൈത്താളമൊ പോലെ ആയിരിക്കും. എനിക്കു പ്രവചനവരമുണ്ടായിട്ട് സകലരഹസ്യങ്ങളും സകല ജ്ഞാനവും ഗ്രഹിച്ചാലും, പൎവ്വതങ്ങളെ നീക്കുവാൻതക്കവണ്ണംസകലവിശ്വാസവും ഉണ്ടായാലും, എനിക്കു ഉപവിയില്ലെങ്കിൽ ഞാൻ ഏതുമില്ല. എൻെറ വസ്തുക്കളെല്ലാം ദരിദ്രന്മാരുടെ ഭക്ഷണത്തിനായിവിഭാഗിച്ചുകൊടുത്താലും, എൻെറ ശരീരത്തെ ദഹിപ്പിക്കാൻ ഏല്പിച്ചാലും, ഉപവിയില്ലെങ്കിൽ ഇതുകൊണ്ടു എനിക്കൊരു പ്രയോജനവുമില്ല. ഉപവി ക്ഷമയുള്ളതാകുന്നു, ദയയുള്ളതാകുന്നു. ഉപവി അസൂയപ്പെടുന്നില്ല, തെററായി പ്രവൎത്തിക്കുന്നില്ലാ, അഹങ്കരിക്കുന്നില്ല. അതു അത്യാഗ്രഹപ്പെടുന്നില്ല, തൻകാൎയ്യംഅന്വേഷിക്കുന്നില്ലാ, കോപിക്കുന്നില്ലാ, ദോഷംവിചാരിക്കുന്നില്ലാ, ദുഷ്ടതയിൽ സന്തോഷിക്കാതെ സത്യത്തിൽ സന്തോഷിക്കുന്നു, എല്ലാം സഹിക്കുന്നു, എല്ലാം വിശ്വസിക്കുന്നു, എല്ലാം ശരണപ്പെടുന്നു, എല്ലാം വഹിക്കുന്നു. ഉപവി ഒരിക്കലും ക്ഷയിച്ചു പോകുന്നില്ലാ." (1 കൊറീന്ത്യർ. XIII. 1—8)

വി. ശ്ലീഹായുടെ ഈ വാക്യങ്ങളിൽ നിന്നും ഉപവി എന്നതിൽ സകല സാമുദായിക പുണ്യങ്ങളും കുടുംബജീവിതത്തിൻെറ എല്ലാപ്രമാണങ്ങളും, ഭരണകൎത്താക്കളെയുംഭരണീയരെയും പ്രോത്സാഹിപ്പിക്കേണ്ട ന്യായങ്ങളും തന്മൂലം ഇരുകൂട്ടരുടെയും സൗഭാഗ്യ പ്രാപ്തിക്ക് ഉതകുന്ന സമസ്തവും അടങ്ങിയിരിക്കുന്നുവെന്നു വിശദമാകുന്നു.

ഇനി ഉപവിയുടെ ൧൨ ലക്ഷണങ്ങളിൽ ഓരോന്നിനെപ്പററിയും നമുക്കു യഥാക്രമം വിചിന്തനംചെയ്യാം.

## ഈ മാസത്തെ മദ്ധ്യസ്ഥൻ. വി. യൌസേപ്പു കുപ്പൎത്തീനൊ.

(തിരുനാൾ സെപ്ററംബർ. 18.)

1603-ൽ ജാതനായ വി. യൗസേപ്പു കുപ്പൎത്തീനൊ ചെറുപ്പത്തിൽ തന്നെ ഫ്രാൻസീസ്ക്കൻ സഭയിൽ ചേൎന്നു. തനിക്കുണ്ടായ ഒരു ഭയങ്കരവ്യാധിയിൽ നിന്നും പ. കന്യകയുടെ മാദ്ധ്യസ്ഥത്താൽ സുഖപ്രാപ്തി ലഭിച്ചതിനു നന്ദികാണിക്കാനായി ഈ അമ്മയുടെ ശുശ്രൂഷക്കു തൻെറ ജീവിതത്തെ പ്രതിഷ്ഠിക്കാനാണു തീൎച്ചയാക്കിയതു. അവളുടെ പുണ്യങ്ങളെ കണ്ടുപഠിക്കുന്നതിനായി ഇദ്ദേഹം സദാ പരിശ്രമിച്ചിരുന്നു. ശരീരനിഗ്രഹം ചെയ്തുകൊണ്ട് പ്രാൎത്ഥനയുടെ അരുചി ലഭിക്കുന്നതിനായി യത്നിച്ചിരുന്നു. ശ്രേഷ്ഠന്മാരെ പരിപൂൎണ്ണമായി അനുസരിക്കയും ദാരിദ്ര്യത്തെ സ്നേഹിക്കയും ഇന്ദ്രിയനിഗ്രഹവും തപഃപ്രായശ്ചി

ത്തങ്ങളും കന്യകകളുടെ രാജ്ഞിയായ പരിശുദ്ധമറിയത്തോടുള്ള ഭക്തിയും വഴിയായി പരിശുദ്ധ ജീവിതം നയിക്കയും ചെയ്തിരുന്നു. ഈ മാതാവിനോടുള്ള ഇദ്ദേഹത്തിന്റെ സ്നേഹം അന്യാദൃശമാണു "ഞാൻ വണങ്ങി സ്നേഹിക്കുന്ന പരിശുദ്ധ ദേവമാതാവിന്റെ സ്വരൂപത്തിനടുത്തു താമസിക്കയാകുന്നു ഈലോകത്തിൽ ഞാൻ അത്യധികമായി ആഗ്രഹിക്കുന്നൊരുകാൎയ്യം" എന്നു് ഈ പുണ്യവാൻ ഒരിക്കൽ പറകയുണ്ടായി. ദേവമാതാവിന്റെ പടം അലങ്കരിക്കുന്നതിനായിട്ടുള്ള പുഷ്പങ്ങളല്ലാതെ ഇദ്ദേഹം സമ്മാനമായി ഒന്നും സ്വീകരിച്ചിരുന്നില്ല. "എന്റെ അമ്മക്കു ഞാൻ പുഷ്പങ്ങളും പഴങ്ങളും സമൎപ്പിക്കുമ്പോൾ അവൾ അവ കഥവെക്കുന്നില്ല. എന്തെന്നാൽ ഈ അമ്മ ഹൃദയത്തെയാണിഷ്ടപ്പെടുന്നതു്. തന്നിമിത്തം ഹൃദയത്തിനടുത്ത വണക്കവും സ്നേഹവുമാണു് അവൾക്കു കൂടുതൽ ഇഷ്ടമുള്ളതു്" എന്നു ഈ പുണ്യവാൻ പറഞ്ഞിരുന്നു. വലിയ ബുദ്ധിശാലിയല്ലായിരുന്ന വി. യൌസേപ്പുകുപ്പത്തീനൊ ഗുരുപ്പട്ട സ്വീകരണത്തിനുമുമ്പുള്ള പരീക്ഷയിൽ പരാജിതനാകുമെന്നും തൻമൂലം പട്ടമേൽക്കാൻ സാധിക്കാതെ വന്നേക്കുമെന്നും ഭയപ്പെട്ടിരുന്നു. എങ്കിലും പ. ക. മറിയത്തിൽ ശരണപ്പെട്ടുകൊണ്ടു കഴിവുള്ള വിധം ഉത്സാഹിച്ചു പരീക്ഷക്കു തയാറാവുകയും താൻ നന്നായിട്ടു പഠിച്ചിട്ടുള്ള ഭാഗം തന്നെ പരീക്ഷകന്മാർ ചോദിക്കുന്നതിനിടയാക്കിത്തരണമെന്നു പ്രാൎത്ഥിക്കയും ചെയ്തതിന്റെ ഫലമായി പരീക്ഷയിൽ ആഗ്രഹിച്ചപ്രകാരം പൂൎണ്ണവിജയംസിദ്ധിക്കാനിടയായി. ഈ സംഭവം ഹേതുവായി പരീക്ഷ്യന്മാർ ഈ വിശുദ്ധന്റെ മാദ്ധ്യസ്ഥം പ്രത്യേകം പരീക്ഷാദിവസങ്ങളിൽ അഭ്യൎത്ഥിക്കുകസാധാരണയാണു്. മരിയ ഭക്തനായ വി. യൌസേപ്പേ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

## അഭിനന്ദനീയമായ സ്വാൎത്ഥപരിത്യാഗം.

തൂത്തുക്കുടി രൂപതയിലെ മെത്രാനച്ചൻ കുറേമുമ്പു് ഒരുദിവസം അദ്ദേഹത്തിന്റെ അരമനയിൽ ഇരിക്കയിൽ കീറിപ്പറിഞ്ഞ വസ്ത്രങ്ങളോടുകൂടിയ ഒരു പടുകിഴവൻ മുറിയിൽപ്രവേശിച്ചു. അയാൾക്കു നിൽക്കുവാൻതന്നെ ശേഷിയില്ലായിരുന്നതിനാൽ തറയിൽ ഇരുന്നു. മൂപ്പനു് എന്താണു് വേണ്ടതെന്നു് മെത്രാനച്ചൻ അനുക്ഷണത്തിൽ ചോദ്യം ചെയ്തു. തിരുമേനീ, വേലചെയ്തുപജീവനം കഴിക്കുന്ന ഒരുസാധുവാണു് ഞാൻ. എന്നാൽ ശുദ്ധീകരണാത്മാക്കൾക്കുവേണ്ടി കുർബാന ചൊല്ലിക്കണമെന്നു കരുതി കുറേനാൾ മുമ്പുമുതലേ എനിക്കു ജോലി ചെയ്തുകിട്ടുന്ന കൂലിയിൽനിന്നും കുറേശ്ശെ ഞാൻ സൂക്ഷിക്കുവാൻ തുടങ്ങി. അങ്ങനെയിരിക്കുമ്പോളാണു് ഏതദ്ദേശിയ വൈദികന്മാരുടെ വൎദ്ധനയിൽ ഞങ്ങളും സഹായിക്കണമെന്നു മാൎപ്പാപ്പാ ആഗ്രഹിക്കുന്നതായി തിരുമേനിതന്നെ ഈയിടെ പ്രസംഗിക്കുന്നതു കേട്ടതു്. തൽക്ഷണംമുതൽ എന്റെ സമ്പാദ്യം ആവകക്കായി ഉപയോഗിക്കണമെന്നു തീർച്ചയാക്കി. മറുപടിയായി ഇത്രയും പറഞ്ഞശേഷം ആ വൃദ്ധൻ 3000രൂപാ അടങ്ങിയ ഒരു കിഴി മെത്രാനച്ചനെ ഏൽപ്പിച്ചു. ചെലവിനും മററുമായി അതിൽ ഒരംശമെങ്കിലും സ്വീകരിക്കണമെന്നു മെത്രാനച്ചൻ നിർബന്ധിച്ചിട്ടുപോലും വൃദ്ധൻ കൈപ്പററാതെ പോകയാണു ചെയ്തതു്. ഈ സംഭവം മെത്രാനച്ചൻതന്നെ ഈയിടെ റോമാസന്ദൎശിച്ച അവസരത്തിൽ അവിടെവച്ചു് ഫീദേസ് വാത്താവിതരണ പ്രതിനിധിയോടു പ്രസ്താവിച്ചതാണെന്നുള്ള വസ്തുതയും വക്തവ്യം തന്നെ.

# വർത്തമാനസംഗ്രഹം.

മതപഠനം— യൂഗൊസ്ലാവിയയിൽ പ്രാഥമിക സ്കൂളുകളിൽ മതപഠനം നിർബന്ധമാക്കിയിരിക്കുന്നു. മതപഠനം പാടില്ലെന്നു അവിടെ ഒരു നിയമമുണ്ടായിരുന്നു. പക്ഷെ കത്തോലിക്കാ മതാദ്ധ്യക്ഷന്മാരും രാജാവുമായി മതപഠനം സംബന്ധിച്ചു നടത്തിയ ആലോചനാഫലമായിട്ടാണു ആ നിയമം റദ്ദാക്കി പുതിയ നിയമം വിളംബരം ചെയ്യാനിടയായതു്.

\+ \+ \+

മരിയമഹാജനസഭ— കഴിഞ്ഞ ജൂലയിമാസത്തിൽ ലൂർദിൽ സമ്മേളിച്ച മരിയമഹാജനസഭയിൽ പരിശുദ്ധപിതാവിന്റെ സ്ഥാനപതി എന്ന നിലയിൽ പാരീസിലെ കർദിനാൾ മെത്രാപ്പോലീത്താ സന്നിഹിതനായിരുന്നു. 30 മെത്രാന്മാരും 1000 പട്ടക്കാരും 15,000 വിശ്വാസികളും പ്രദക്ഷണത്തിൽ സംബന്ധിച്ചിരുന്നു

\+ \+ \+

ഒരു അകത്തോലിക്കാ ഡോക്ടറിന്റെ ഉചിതകൃത്യം— തെക്കെപടിഞ്ഞാറെ ആഫ്രിക്കയിൽ പിർഡോക്ക് വികാരിയാത്തിലെ ഒരു അകത്തോലിക്കാ ഡോക്ടർ ഒരു വൈദികനെ ശസ്ത്രക്രിയ നടത്തുന്നതിനിടയ്ക്കു, രോഗി രക്തം നഷ്ടപ്പെട്ടതുനിമിത്തം അപകടസ്ഥിതിയിലായിരിക്കുന്നതുകണ്ടു, തൽക്ഷണം തന്റെ സ്വന്തരക്തം അദ്ദേഹത്തിന്റെ രക്തനാഡികളിലേയ്ക്കു വീഴ്ത്തി പക്ഷേ അതുകൊണ്ടു രോഗിക്കു ഗുണമുണ്ടായില്ല. ആഫ്രിക്കയിലെ ഡോക്ടർമാർ കത്തോലിക്കാ വൈദികരോടു പൊതുവേ വളരെ ആനുകൂല്യം പ്രദർശിപ്പിച്ചുവരുന്നതായിട്ടാണു കാണുന്നതു്.

\+ \+ \+

കനേഡിയൻ വേദസാക്ഷികളുടെ കൊടി— കനേഡിയൻ വേദസാക്ഷികളെ നാമകരണം ചെയ്ത അവസരത്തിൽ ഉപയോഗിച്ച പ്രസ്തുത എട്ടു വേദസാക്ഷികളുടെ പടം ചിത്രിച്ചിട്ടുള്ള കൊടി ന്യൂയാർക്കിലെ ബ്രാഡിപ്രഭുവിന്റെ പത്നിക്കു പരിശുദ്ധ പിതാവു അയച്ചുകൊടുത്തിരിക്കുന്നു. വെഴ്സ്‌വില്ലിൽ ആ സ്ത്രീരത്നം ഏകദേശം അറുപതു ലക്ഷം രൂപാ ചെലവാക്കി പണിചെയ്യിട്ടുള്ള ദേവാലയത്തിൽ ആ കൊടി സ്ഥാപിക്കുന്നതായിരിക്കും.

\+ \+ \+

പീഡാനുഭവ പ്രദർശനം— ഓബർഅമ്മെർഗോവിൽ നടത്തുന്ന പീഡാനുഭവപ്രദർശനം കാണുന്നതിനായി ജൂൺ 10-ാംനു-വരെ ഒരുലക്ഷത്തിഓരായിരത്തി അഞ്ഞൂറു ആളുകൾ ചെന്നിരുന്നതായി കാണുന്നു. വിദേശങ്ങളിൽ നിന്നുവന്നവരിൽ ഐക്യനാടുകളിൽനിന്നു വന്നവരാണു കൂടുതൽ ആളുകൾ. തൂത്തുക്കുടി മെത്രാൻ മൊൺസിഞ്ഞോർ റോച്ച് ഈ പ്രദർശനം സന്ദർശിക്കയുണ്ടായി.

\+ \+ \+

ഇററലിയിൽ ഭൂകമ്പം— ജൂലയി മാസത്തിന്റെ അവസാനത്തിൽ തെക്കേ ഇററലിയിൽ ഭയങ്കരമായ ഒരു ഭൂകമ്പം ഉണ്ടായി വലിയ നാശം സംഭവിച്ചിരിക്കുന്നു. 2000 ആളുകളിലധികം മരിച്ചു. 4000 ആളുകളോളം മുറിവേററിട്ടുണ്ടു്. അനേകായിരം ആളുകൾ ഭവനരഹിതരായി തീർന്നിട്ടുണ്ടു്. പരിശുദ്ധപിതാവും ഇററലി രാജാവും പീഡിതരെ പലവിധത്തിൽ സഹായിച്ചുവരുന്നു.

\+ \+ \+

പുതിയരൂപത— വരാപ്പുഴ അതിരൂപതയെ വിഭജിച്ചു വിജയപുരം രൂപത എന്നപേരിൽ ഒരു പുതിയ രൂപത ഏർപ്പെടുത്തിയിരിക്കുന്നു. വിജയപുരം കോട്ടയത്തിനു അടുത്തുതന്നെയുള്ള ഒരു സ്ഥലമാണു്. പുതിയ രൂപതയുടെ ആസ്ഥാനം കോട്ടയം ആയിരിക്കുമെന്നാണു അറിയുന്നതു.

\+ \+ \+

മെത്രാഭിഷേകം— കോട്ടാർ രൂപതാമെത്രാൻ മൊൺസിഞ്ഞോർ ലോറൻസ് പെരയിരായുടെ മെത്രാഭിഷേകം കോട്ടാർ വി. ശവേര്യാർപുണ്യവാന്റെ ദേവാലയത്തിൽവെച്ചു വരാപ്പുഴെ എയിൻജ

ൽമേരി മെത്രാപ്പോലീത്താച്ചൻ അടുത്ത ഒക്ടോബർ ൨൭ സം 5-ാംനു- നടത്തുമെന്നു കാണുന്നു. + + +

സൗത്ത് ആഫ്രിക്കാ കത്തോലിക്ക കോൺഫ്രൻസ്- വട്ടമേശസമ്മേളനത്തിലേയ്ക്കു ഒരു കത്തോലിക്കാ പ്രതിനിധിയേക്കൂടി നിയമിക്കേണ്ടതിനു് അധികാരസ്ഥാനങ്ങളിൽ ഉൽബോധിപ്പിക്കുവാനും കത്തോലിക്കരുടെ ന്യായമായ അവകാശങ്ങളെ സംരക്ഷിക്കേണ്ടതിനേപ്പററി ആലോചിക്കുന്നതിനും കഴിഞ്ഞ മാസത്തിൽ മംഗലാപുരത്തുവെച്ചു ഒരുസമ്മേളനം നടന്നിരിക്കുന്നു.

+ + +

ലിവർപൂൾകത്തീഡ്റൽ- ലിവർപൂളിൽ പണിചെയ്യുവാൻ തീർച്ചയാക്കിയിരിക്കുന്ന ഭദ്രാസന ദേവാലയത്തിനു വേണ്ടി ഒരുലക്ഷം പവൻ വിലകൊടുത്തു ഒരുസ്ഥലം ഡൌണി മെത്രാപ്പോലീത്താ വാങ്ങിയിരിക്കുന്നു. പുതിയ ഡൽഹി പട്ടണത്തിൻെറ പ്ലാൻ തയാറാക്കിയ സർ. എഡ്വിൻ ലൂട്ടയൻസ് എന്ന ശില്പശാസ്ത്രവിദഗ്ദ്ധൻ തന്നെയാണു ലിവർപൂൾ ഭദ്രാസനദേവാലയത്തിൻെറയും പ്ലാൻ തയ്യാറാക്കി വരുന്നതു്. മുപ്പതുകൊല്ലത്തെ പണിയും അനേകലക്ഷം പവനും ഈ ഭദ്രാസനപ്പള്ളി പൂർത്തിയാക്കുന്നതിനാവശ്യപ്പെടുമെന്നാണു കണക്കാക്കിയിരിക്കുന്നതു്. + + +

അത്ഭുതപ്രവർത്തകനായ ഫാദർ പ്രോ- കല്ലേസിൻെറ മതപീഡനകാലത്തു മെക്സിക്കോയിൽ വേദസാക്ഷിയായി മരിച്ച ഫാദർ പ്രോയുടെ മദ്ധ്യസ്ഥതയാൽ അനവധി അത്ഭുതങ്ങൾ സംഭവിച്ചുവരുന്നതായി ഒബ്സർവത്തോരെ റൊമാനോപത്രം മെക്സിക്കൻ പത്രങ്ങളിൽ നിന്നു എടുത്തു പ്രസ്താവിക്കുന്നു. അത്ഭുതങ്ങളിൽ ചിലവ മുറയ്ക്കു പരിശോധിച്ചു കണ്ടിട്ടുള്ളതുമാണു്.

+ + +

ഒരു പ്രസിദ്ധ മാനസാന്തരം- ന്യൂയോർക്കിലെ ഒരു പ്രധാന വൈദികനും അമേരിക്കൻ ചർച്ച് മന്തിലി എന്ന പത്രത്തിൻെറ അധിപരുമായിരുന്ന ഡോക്ടർ എസ്. പി ഡെലാനി 57-മത്തെ വയസ്സിൽ കത്തോലിക്കസഭയിൽ പ്രവേശിച്ചിരിക്കുന്നു. ജനനാൽ ഒരു പ്രെസ്ബിറററിയനായിരുന്ന ഇദ്ദേഹം ആദ്യം ആംഗ്ലിക്കൻ സഭയിലും പിന്നീട് ഹൈചർച്ച് സഭയിലും ചേർന്നു. മാനസാന്തരപ്പെട്ടപ്പോൾ ന്യൂയോർക്കിലെ ഏററം വലിയ ആംഗ്ലിക്കൻ ഇടവകയുടെ ഭരണകർത്താവായിരുന്നു. ജോലി രാജി കൊടുത്ത എഴുത്തിൽ ഇങ്ങിനെ എഴുതിയിരിക്കുന്നു. ഞാൻ ചെയ്തിട്ടുള്ളതിൽ ഏററം പ്രയാസമുള്ളതായ ഒന്നാണു് ഈ തീരുമാനം. ഞാൻ ഇതേവരെ സ്വീകരിച്ചിരുന്ന സ്വഭാതതങ്ങളെ മനസ്സാക്ഷിക്കനുയോജ്യമായി സമ്മതിക്കാൻ നിവൃത്തിയില്ലാതിരിക്കയിലാണു ഞാൻ ഇങ്ങിനെ ചെയ്യുന്നതു്. ഒരു കൊല്ലം മുഴുവനും ഞാൻ എൻെറനില വീണ്ടും വീണ്ടും ആലോചിച്ചുവരികയായിരുന്നു രാജികൊടുത്തശേഷം ഡോക്ടർ ഡെലാനി ഒരു കത്തോലിക്കാ വൈദികൻെറ കീഴിൽ ഒരു മുഴുവൻ ധ്യാനം കഴിച്ചശേഷം സഭയിലേക്കു സ്വീകരിക്കപ്പെട്ടു. അവിവാഹിതനായ ഇദ്ദേഹം പട്ടത്തിനു പഠിക്കുമെന്നാണു തോന്നുന്നതു്.

+ + +

ബഥനികാര്യം— യാക്കോബ്യരുടെ ബഥനിയാശ്രമസ്ഥാപകനും, അതിൻെറ അദ്ധ്യക്ഷനുമായ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായും സഹമെത്രാനും, ആശ്രമവാസികളിൽ ഭൂരിപക്ഷമൊരുമിച്ചു, പ്രസ്തുത ആശ്രമമുപേക്ഷിച്ചു തിരുവില്ലായ്ക്കു കിഴക്കുള്ള വെണ്ണിക്കുളം എന്ന സ്ഥലത്തു വന്നു ഒരു വാടകക്കെട്ടിടത്തിൽ താമസിച്ചുവരുന്നതായി അറിയുന്നു. ഇവർ ബഥനിയിൽ നിന്നും <u>റോമയിലേക്കു</u> പുറപ്പെട്ടിരിക്കുന്നുവെന്നാണു് ഇതുസംബന്ധിച്ചചില അകത്തോലിക്കപത്രങ്ങളിൽകാണുന്നതു്. എന്നാൽ അവർ ഏതു തുറമുഖത്തുനിന്നു കപ്പൽകയറുമെന്നോ എന്നു കപ്പൽ കയറുമെന്നോ ആ സഹജീവികളിൽ പ്രസ്താവിച്ചുകാണുന്നില്ല. + + +

ഏയിഫെൽ ഗോപുരാഗ്രത്തിൽ കുർബാന- ലോകത്തിലെ അത്ഭുതകര കെട്ടിടങ്ങളിൽ ഒന്നാണു പാരീസിലെ ഏയിഫെൽഗോപുരം. ഈ ഗോപുരത്തിനു ആയിരം അടിയിൽ കൂടുതൽ ഉയരമു

ണ്ട്. ഈ ഗോപുരത്തിന്റെ ഉച്ചിയിൽ വച്ച് ഇയ്യിടെ ഒരു കർബാന ചൊല്ലിയിരിക്കുന്നു. കത്തോലിക്കരായ സുകുമാര കലാപ്രണയികളുടെ ചാപ്ലയിനായ പാദർ പോൾ ബ്യൂവേയാണു കുർബാന അർപ്പിച്ചതു്. 1889-ൽ ഈ ഗോപുരം പണിചെയ്ത എയിഫെലിനുവേണ്ടി പ്രാർത്ഥിക്കണമെന്നു അവിടെ കൂടിയിരുന്ന എഞ്ചിനീയ ... ണ്ണൂറു അംഗങ്ങളോടു ചാപ്ലയിൻ ഉപദേശിക്കയുണ്ടായി.

# വിവിധ നിയോഗങ്ങൾ.

താഴെകൊടുത്തിരിക്കുന്ന നിയോഗങ്ങൾക്കായി കുസുമവായനക്കാർ പ്രത്യേകം പ്രാർത്ഥിക്കണമെന്നപേക്ഷ.

"അറുകൊല്ലങ്ങളായി എന്നെ ഉപദ്രവിച്ചുകൊണ്ടിരിക്കുന്ന വയറുനോവു നീങ്ങുന്നതിനു"- "എന്റെ ഇടവകജനങ്ങളുടെ യോജിപ്പിനും, പള്ളിയുടെ സാമ്പത്തികാഭിവൃദ്ധിയ്ക്കും വേണ്ടി"–"എന്റെ തഴക്കദോഷം മാറിക്കിട്ടുന്നതിന്"– "ധർമ്മിഷ്ഠനായ ഒരു കച്ചവടക്കാരന്റെ കിടപ്പുചരക്കു നഷ്ടം കൂടാതെ വില്ക്കുന്നതിനുവേണ്ടി"— "കഴിഞ്ഞ രണ്ടുകൊല്ലങ്ങളായിട്ടു എന്റെ അമ്മയെ ബാധിച്ചിരിക്കുന്ന രോഗം സുഖപ്പെടുന്നതിനു"- "എന്റെ മാതാവിനെ ബാധിച്ചിരിക്കുന്ന ചെറുനീർവാർച്ചാ രോഗം ശമിക്കുന്നതിന്"— "രണ്ടു വർഷത്തിലധികമായി ഞാനും വേറൊരാളുമായി നടന്നുവരുന്ന ക്രിമിനൽ കേസിൽനിന്നും, അപകടമൊന്നും കൂടാതെ, രക്ഷപെടുന്നതിനു"—"എന്റെ സഹോദരിയുടെയും മരുമകളുടെയും രോഗങ്ങൾ സുഖപ്പെടുന്നതിന്"–"എന്റെ പിതാവു മദ്യപാനത്തിൽ നിന്നൊഴിഞ്ഞു ഒരു നല്ല കുമ്പസാരം കഴിച്ചു സുകൃത ജീവിതം നയിക്കുന്നതനുള്ള ഭാഗ്യം ലഭിക്കാൻ"—"ആറേഴുകൊല്ലങ്ങളായിട്ടു എന്നെ പീഡിപ്പിച്ചുകൊണ്ടിരിക്കുന്ന രോഗം മാറിക്കിട്ടുന്നതിനു"— "പതിന്നാലുകൊല്ലങ്ങളായിട്ടു ഞാനും എന്റെ കുടുംബവും പാർത്തുവരുന്ന പുരയിടം സംബന്ധിച്ചു അനുഭവിച്ചുവരുന്ന കഷ്ടനഷ്ടങ്ങളിൽനിന്നും, ഞാൻ പ്രതിയായി ഹൈക്കോർട്ടിൽ നടന്നുവരുന്ന കേസിൽനിന്നും ഞങ്ങൾക്കു രക്ഷകിട്ടുന്നതിനു"–"എന്റെ ഉദ്ദേശ്യാനുസരണമുള്ള ഒരു ജോലി എനിക്കു കിട്ടുന്നതിനു"– "കർമ്മലകുസുമത്തിന്നു എല്ലാവിധ അഭിവൃദ്ധിയും ഉണ്ടാകുന്നതിന്."

# മനോജ്ഞ വിവരങ്ങൾ.

☞ ചുരുക്കമായി ഈവിധ വിവരങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിനു ഒരു രൂപാ മുമ്പേർ അടച്ചു അപേക്ഷിക്കണം.

വി. കൊച്ചുത്രേസ്യായുടെയും വി. അന്തോനീസിന്റെയും സഹായത്താൽ എനിക്കു ജോലി കിട്ടിയതിനു ഉപകാരസ്മരണ.

എഫ്. എൻ. എഫ്. F. M. S.

കാഞ്ഞിരകോട്ടുപള്ളിയിലെ പരി. കർമ്മലമാതാവിന്റെയും വി. അന്തോനീസിന്റെയും വി. കൊച്ചുത്രേസ്യായുടെയും മാദ്ധ്യസ്ഥത്താൽ എന്റെ സഹോദരി സ്കൂൾലീവിങ്ങു പരീക്ഷയിൽ ജയിച്ചതിനു.

അഗ്നേസ്യ, വലിയവിള,
കാഞ്ഞിരകോട്.

വി. അന്തോനീസിന്റെയും വി. കൊച്ചുത്രേസ്യായുടെയും സഹായത്താൽ സുഖക്കേടു നീങ്ങിക്കിട്ടിയതിനു്.

മത്തായി ഔസേപ്പു,
തത്തംപള്ളി

തിരുക്കുടുംബത്തിൻെറയും വി. കൊച്ചുത്രേസ്യ, വി. അന്തോനീസ് എന്നിവരുടെയും മാദ്ധ്യസ്ഥംമൂലം എൻെറ ഭാൎയ്യക്കു പ്രസവാനന്തരമുണ്ടായ ആപൽക്കരമായ സുഖക്കേടു നീങ്ങി പൂൎണ്ണസുഖം ലഭിച്ചതിനു.

ചാർളി വാസ്, തങ്കശ്ശേരി.

ഈ. തി. ഹൃദയത്തിൻെറയും വി. അന്തോനീസിൻെറയും, വി. കൊച്ചുത്രേസ്യായുടെയും സഹായത്താൽ ഉദ്ദിഷ്ടകാൎയ്യം സാധിച്ചതിനു നന്ദിപറയുന്നു.

എസ്സ്. ജെ. ഗോമസ്സ്,
അച്ചങ്കോചിൽ.

വി. കൊച്ചുത്രേസ്യായുടെ മാദ്ധ്യസ്ഥത്താൽ എൻെറ സഹോദരിയുടെ പ്രത്യേകതരമായ സുഖക്കേടു മാറിയതിനു ഉപകാരസ്മരണ

സി. എം. കെ., താനൂർ.

എൻെറ അനുജൻെറയും ഭാൎയ്യയുടെയും കഠിനമായ ജ്വരപ്പനി തിരുക്കുടുംബത്തിൻെറയും, വി. കൊച്ചുത്രേസ്യായുടെയും പ്രത്യേകം പാവൎട്ടിയിലെ വി. യൗസേപ്പു പിതാവിൻെറയും സഹായത്താൽ സുഖമായതിനു.

എം. എ. ലാസർ,
മുതുവട്ടൂർ, ചാവക്കാട്.

## ചരമവാൎത്തകൾ.

കൎത്താവിൽ ഭാഗ്യമരണം പ്രാപിച്ച താഴെപ്പറയുന്ന ആളുകൾക്കുവേണ്ടി കുസുമവായനക്കാർ പ്രാൎത്ഥിപ്പാറാകണം.

ക. നി. മൂ. സ. ബ. ലീനോസച്ചൻെറയും റൊക്കീശമ്മാശ്ശൻെറയും പിതാവ് തെക്കേക്കര സെഹിയോൻപള്ളിയിടവക കൊട്ടാരത്തിൽ മനത്തുകാട്ടിൽ തോമ്മാ ജൂലൈ 27. വയസ്സ് 67.

464—ാം നമ്പർ കെ. സി. സി. എ. സെക്രട്ടറി പാലാപ്പള്ളിയിടവക മുത്തേടത്തു ജെ. മാണി ജൂലൈ 31 വയസ്സു 18.

മുട്ടുചിറപ്പള്ളിയിടവക കരിമുണ്ടക്കൽ കുഴിയൻ ഔസേപ്പ് ആഗസ്റ്റ് 1. വയസ്സ്.

ആലങ്ങാട്ടുപള്ളിയിടവക മാനാടൻ ബ. ഗബ്രിയേൽസച്ചൻ. ആഗസ്റ്റ് 2. വയസ്സു 80.

മുട്ടുചിറപള്ളിയിടവക മുരിക്കൻ ബ. വലിയതോമ്മാച്ചൻ. ആഗസ്റ്റ് 2. വയസ്സു 80.

പുത്തൻപള്ളിയിടവക മണ്ണനുരുത്തിൽ തളിയത്തു പൌലോ തരിയതു. ആഗസ്റ്റ് 17. വയസ്സ് 34.

നെട്ടങ്ങാട്ടുപള്ളിയിടവക അറക്കൽ ചുമ്മാരു ലോറൻസിൻെറ ഭാൎയ്യ—ആഗസ്റ്റ് 17. വയസ്സു 63.

ആനക്കല്ലു (ഭരണങ്ങാനം) പള്ളിയിടവക തയ്യിൽ ബ. സ്കറിയാച്ചൻ. ആഗസ്റ്റ് 1×. വയസ്സു 77.

ചങ്ങനാശ്ശേരി സെൻറു തോമസ് ഇൻഡസ്ട്രിയൽ സ്കൂളിൻെറ സ്ഥാപകനായ പുളിങ്കുന്നപള്ളിയിടവക കളപ്പുരക്കൽ ബ്രദർ ജേക്കബ്—ആഗസ്റ്റ് 18. വയസ്സു 47.

ക. നി. മൂ. സ. ബ. അന്ത്രയോസ് സഹോദരൻ 1930 ആഗസ്റ്റ് 12-ൽ മുത്തോലി ആശ്രമത്തിൽ വച്ചു ഭാഗ്യമരണം പ്രാപിച്ചു. മരിക്കുമ്പോൾ 80 വയസ്സു പ്രായമുണ്ടായിരുന്ന ഇദ്ദേഹം വൈക്കത്തുപള്ളി ഇടവക ചുള്ളിവേലി എന്ന മാന്യകുടുംബത്തിൽ ജാതനായി. ചെറുപ്പത്തിൽ തന്നെ കേരളീയ കൎമ്മലീത്താ സഭയിൽ പ്രവേശിച്ചു. ഏതൽക്കാലപൎയ്യന്തം അനുസരണം, സഹനശീലം, ദയ ആദിയായ ഗുണങ്ങളാൽ ഒരു മാതൃകായോഗ്യമായ ജീവിതം നയിച്ചിരുന്ന ഒരു ഉത്തമസന്യാസിയായിരുന്നു ഈ വയോവൃദ്ധൻ.

Printed and Published for the Proprietor by P. K. Joseph at
the St. Joseph's Press, Mannanam. 1930.